Registered No. M-4485 Madras War Review, Malayalam—16-3-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 മാൎച്ച് 16-ാംനു, വെള്ളിയാഴ്ച [ലക്കം 27



## അവസാനവിജയം സുനിശ്ചിതമായി

നമ്മുടെ അവസാനവിജയം സുനിശ്ചിതമായിത്തീൎന്നു; അതിനെപ്പററി യാതൊരു സംശയവുമില്ല.

ഈ യുദ്ധത്തിൽ നാം ചില കഷ്ടതകളിലൂടെ കടന്നുപോയിട്ടുണ്ടു്; എന്നാൽ ആ ദശ അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു.

നാസികളുടെ പ്രതിരോധ വ്യവസ്ഥകൾ ഓരോന്നോരോന്നായി സഖ്യസേനകൾ പിച്ചിച്ചീന്തിക്കളഞ്ഞു. ഇപ്പോൾ കിഴക്കും പടിഞ്ഞാറും ജൎമ്മൻ മണ്ണിൽനിന്നു കൊണ്ടാണു നാം പൊരുതുന്നതു്.

പടിഞ്ഞാറു് നാം റൈനിൽ, അല്ല റൈനിന്നപ്പുറത്തു തന്നെ നിലകൊള്ളുന്നു.

ഏതെങ്കിലും ഒരു രാഷ്ട്രം മൎയ്യാദക്കാരായ ലക്ഷക്കണക്കിലുള്ള ജനങ്ങൾക്കു് ദുരിതം വരുത്തിയിട്ടുണ്ടെങ്കിൽ, അതു് ജൎമ്മനിയാണു്. അവരുടെ ദുഷ്പ്രഭുത്വംമൂലം അവരിന്നു കഷ്ടതയനുഭവിക്കുന്നു.

—ഫീൽഡ് മാൎഷൽ സർ ബി. മണ്ട്ഗോമരി, 1945 മാൎച്ച് 10-ാംനു, ബ്രസ്സൽസിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ

# ഇതു് നിങ്ങൾക്കും ബാധകമാണ്

കഴിച്ചുമുമ്പ് സഖ്യസേനകൾ ഫ്രാൻസ് സ്വാതന്ത്ര്യമാക്കുന്നതിന്നുവേണ്ടി യൂറോപ്പിലിറങ്ങിയപ്പോൾ ഞാൻ ഇംഗ്ലണ്ടിന്റെ തെക്കുഭാഗത്തായിരുന്നു പ്രവൃത്തിയെടുത്തിരുന്നതു്. സൈനികപരമായ ഗോപ്യതയുടെയും രഹസ്യത്തിന്റെയും വർദ്ധമാനമായ പ്രാധാന്യം എനിക്കു അവിടെയുണ്ടായ അനുഭവത്തിൽനിന്നും മനസ്സിലായി.

ഇതു പട്ടാളക്കാരെ മാത്രം ബാധിക്കുന്നതല്ലെ, അതുകൊണ്ടു ഞങ്ങൾക്കിതിലെന്താണ് എന്നു നിങ്ങൾ ആലോചിക്കുമായിരിക്കാം.

നാവികന്മാർ, ഭടന്മാർ, വൈമാനികന്മാർ ഇവരെപ്പോലെയെല്ലാംതന്നെ യുദ്ധത്തിൽ പൌരന്മാരേയും സ്പർശിക്കുന്ന ഒന്നാണ് ഗോപ്യത. ശത്രുവിന്നു കിട്ടാൻ പാടില്ലാത്ത ചില വിവരങ്ങൾ നിങ്ങളുടെ കൈവശമുണ്ടാവും. അവ കിട്ടുന്നതിന്നു ശത്രുവിന്നു സാധിക്കാതെ വരുത്തുന്നതിന്നു ഞങ്ങൾക്കു നിങ്ങളുടെ സഹായം ആവശ്യമുണ്ട്.

യുദ്ധത്തിന്റെ കരിനിഴൽ മാഞ്ഞുപോകുന്ന ആ ദിനത്തെ സോൽക്കണ്ഠം പ്രതീക്ഷിച്ചുവരുന്ന നിങ്ങളോടു ഈ മഹൽകൃത്യത്തിൽ സഹകരിക്കുന്നതിന്നും സഹായിക്കുന്നതിന്നും ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ സംരംഭങ്ങളെപ്പററിയും, സജ്ജീകരണങ്ങളെപ്പററിയും വിവരങ്ങൾ നല്കാതിരിക്കുന്നതിന്നു ശ്രദ്ധിക്കുക. ആരായാലുംവേണ്ടില്ല, ആവശ്യമില്ലാത്ത ആൾക്കും അതു നല്കരുതു്. അപ്പോൾ ശത്രുവിന്റെ വഴി മുട്ടിപ്പോവും. ഞങ്ങൾ നിങ്ങളുടെ സഹായത്തിന്നായി അപേക്ഷിക്കുന്നു.

—ലഫ്റ്റനന്റ് ജനറൽ സർ ജോൺ ഡോയിൻ, ഇന്ത്യ കമാണ്ടിലെ ജനറൽ സ്റ്റാഫ് പ്രധാനി.

## "യുദ്ധം ജപ്പാനിലേയ്ക്കെത്തുന്നു"

"മാരിനാ ദ്വീപുകളിൽ ശത്രുവിന്റെ വിമാനസേന വർദ്ധിപ്പിച്ചിരിക്കുന്നു. അതിനാൽ നമ്മുടെ രാജ്യത്തിന്മേലുള്ള ബോംബേറു അധികരിച്ചിട്ടുണ്ട്. കൂടാതെ നമ്മുടെ രാജ്യത്തിന്നരികിലായി ശത്രുവിന്റെ നാവികസേന കാണപ്പെട്ടുവരികയും, വിമാനവാഹിനിക്കപ്പലുകൾ താവളമാക്കിയിട്ടുള്ള ശത്രുവിന്റെ ബോംബാക്രമണങ്ങൾ വളരെ ഗൌരവമായ സ്ഥിതിയിൽ എത്തിയിട്ടുമുണ്ട്.

യുദ്ധത്തിന്റെ ഭാവിഗതികളെപ്പററി ഇപ്പോഴൊന്നും പറഞ്ഞുകൂടാ. ഇപ്പോഴത്തെ സ്ഥിതിഗതികൾ വളരെ ഗൌരവതരമാണ്. ശത്രുവിന്റെ പഴയ സമരതന്ത്രത്തെപ്പററി പരിഗണിക്കുന്നതായാൽ, ആസന്നഭാവിയിൽ ശത്രു നമ്മുടെ രാജ്യത്തെ നോക്കി പടയെടുക്കുമെന്നു കണക്കാക്കാം."

—പ്രധാനമന്ത്രി കൊയിസോ, ജപ്പാനീസ് ഡയററിൽ മാർച്ച് 11-ാംനു ചെയ്ത ഒരു പ്രസംഗത്തിൽ.

## സ്ഥിതിഗതികൾ അസഹ്യമാണത്രേ!

ഹാംബർഗ്ഗ് തുടങ്ങിയ ജർമ്മൻ നഗരങ്ങൾ ആംഗ്ലോ അമേരിക്കൻ ശക്തികൾ ബോംബെറിയുന്ന രീതി പാസിഫിക്ക് യുദ്ധരംഗത്തിലും അനുകരിക്കുമെന്നു തോന്നുന്നു. അവർ, ഒസാക, നഗോയ, കോബ്, ടോക്കിയോ എന്നീ വ്യവസായ പ്രദേശങ്ങളിൽ ബോംബുവർഷം ചെയ്തുവരുന്നു. ഈ ആകാശാക്രമണം മൂലമുണ്ടായ നഷ്ടങ്ങൾ ചെറുതൊന്നുമല്ല. ശത്രുവാക്രമണം വർദ്ധിച്ചുതന്നെവരുന്നു. ഇതിന്നെതിരായി എന്തെങ്കിലും നടപടികൾ എടുക്കുമെന്നു വിശ്വസിക്കപ്പെട്ടുവരുന്നു.

—1945 മാർച്ച് 6-ാംനു ടോക്കിയോ റേഡിയോവിൽനിന്നുള്ള പ്രക്ഷേപണം.

## "ഒരു ഏകാന്തസംഭവം"

(എം. ബി. നായർ, മാവേലിക്കര.)

(അവളെൻ നികടത്തിലെത്തിയെന്നല്ലാ, നന്നാ-
യവശം മൊഴിഞ്ഞോരോന്നാവേശത്തുടപ്പിനാൽ.)

"മകനേ! നീയെന്തിന്നു മൂകനായ് നിന്നീടുന്നു
പകയിൽച്ചേരുന്നിലേ വൈരമിങ്ങനല്പമായ്?

'കലികാലത്തിൻ കോല' മല്ലാതെ ഞാനെന്തോന്നു
മൊഴിയേട്ടേ! ഹാ, മന്ദഭാഗ്യയീ നിന്നോടായി.

കഴിഞ്ഞു സൌവർണ്ണമായ്ത്തീർന്നിരുന്നകാലങ്ങ-
ളൊഴിഞ്ഞു വൈരാഗ്യാദി ചേർന്നിരുന്നോരെൻ മക്കൾ

അന്തിമാദ്യൈശ്വരസ്സത്തമമായ് വാണോരെന്റെ
ബന്ധുവായ് നിന്നോർ, വീരപുംഗവരാരാദ്ധ്യന്മാർ,

ഏതിനും പോന്നിരുന്നോർ, പ്രാകൃതപരിഷ്ക്കാര-
വ്യാധിതന്നുച്ഛൃംഖല പ്രാഭവപ്രമാർജ്ജകർ,

എന്തിനെന്നോമൽ പ്രാണതന്തുവാം നിന്നോടു ഞാ-
നന്ധയായ് പ്രശംസിപ്പൂ നിർല്ലജ്ജം തന്നെത്താനേ.

ധരയിങ്ങനല്പശ്രീ തിങ്ങിടുന്നിബ് ഭാരതം,
പരമമാമൌദാര്യത്തിൻ കേദാരം, ശുഭോല്ക്കരം,

ആര്യമായ്, സദാ പൂതമായിട്ടും, പരിഷ്ക്കാര-
സൂര്യനാലിക്കാലത്തും മിന്നിടുന്നിബ് ഭാരതം,

ഭാരത, മതേ, ദിവ്യജ്യോതിസ്സു വിതറിടും
ഭാരതം, പരാശക്തി പ്രാഭവ പ്രപൂരിതം,

ധീര, രാജ്യശ്രീയേൾക്കാത്തവൾക്കെല്ലാ കാലത്തും
പേർ കേട്ടത്ത, തേ വാണ രാജരാജരാൽ സേവ്യം,

പിടിയിൽ കിട്ടിപ്പോകമന്യന്റെ, കയ്യിലെന്നോ,
അടവൊന്നുമേ പററില്ലിന്ത്യയാൽ ശത്രുക്കളേ!"

(അവൾ തൻ പരിഹാസ പരാമർശോക്തിക-
ളവനിൽ പ്രതീകാര വാഞ്ഛ ചേർത്തപ്പോതരം

കാലവും, താനും, തന്റെ നിലയും ചിന്തിച്ചാശു
ഫാലദേശത്തിൽ മുററും പുളിപ്പണ്ടാന്നാനവൻ.

നടനം മോദാന്ധമായ് ചെയ്തിരുന്നോര പ്പാദ-
മിടർ ചേർന്നീടാനാശിച്ചടർവേദിയെപ്പൂകാൻ;

ദൃഢമായ് ചെയ്വാനായമ്മാത്രു രക്ഷയാകല്പം
തടവെന്നിയേ, വിണ്ണിലവൾതൻ മാഹാത്മ്യത്തിൽ

ഭാരതം കൈക്കൊണ്ടിരുന്ന പ്രാജ്യപ്രതാപത്തിൻ
പേരിലക്കൊടിക്കൂറയൊന്നുടൻ പാറിക്കുവാൻ;

അവൾതൻ നൈരാശത്തിൻ പാഴ്ക്കണ്ടിൽ വീണിട്ടേ
[റെ-
ഴ്ലിവനേ! കൂമ്പിപ്പോയ ശാന്തിസമ്പൂർണ്ണ സ്വാന്തം

വൈജയ പ്രചണ്ഡാര്യ മാവിന്റെ സാന്നിദ്ധ്യത്തി-
ലജൈയ്യഛവി ചിന്നിക്കൺ കുളുർക്കെക്കാണാൻ.)

(മാനസസരസ്സുതബ് ഭാരത സീമന്തിനി-
ക്കുന്നമെന്നിയേ വേലലംഘിച്ചിതാമോദത്താൽ

സ്ഥൌല്യരൂപത്തെപ്പൂണ്ട മംഗല്യ സന്ദായികൈ-
രള്ളവൃങ്കരദണ്ഡം, രോമാഞ്ചസമാവൃതം,

വിറയാർന്നാശിസ്സേകിപ്പുത്രനങ്ങനല്പമായ്
കറയേറേ, ററം, ചുംബിച്ചീടിനാൾ നെറുകയിൽ.)

അംബ! നിന്നനേകാഹസ്സംസ്ഥിരീകൃതസ്വാന്താ-
സ്വാതന്ത്ര്യ സമ്യക് സ്സാമാജ്ഞനത്തിന്നു, മേ സദാ

സൌഖ്യാനുഭൂതികാഹാ! പകരം കൂമ്പിപ്പോയ
വിഖ്യാതയാം ഭാരതസ്സന്താന സുമാവലി

നിതരാം വിടർത്താനു, മെന്നെന്നു മത്യന്താഭ
യമിതം ചേർത്തീടാനും ഭാഗ്യവക്ഷേത്രം തന്നിൽ

പോകുന്നു ഞാനിന്നംബ! സംഭരികൃതാശിസ്സായ്
വേഗമിന്നടർ വേദിക്കെതിരേ നിൻ രക്ഷാർത്ഥം.

വിജയിക്കേണം പുണ്യചരിതേ! നീയെന്നുമേ;
വിജയിക്കേണം മാതൃജഗതീ! ജഗൽസ്ഥലേ.

(ശുഭം)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 മാർച്ച് 16-ാംനു, വെള്ളിയാഴ്ച

## ജാപ്പാൻ—പൊളിയാൻ പോകുന്ന ഒരു കപ്പൽ

ഇന്തോ-ചൈനയിൽ ഇയ്യിടെയുണ്ടായ സംഭവങ്ങൾ, ജപ്പാൻ അവിടെ അനുവർത്തിച്ച നിഷ്ഠുരമർദ്ദനനയം, ഇതെല്ലാം സഖ്യസേനകൾ വിജയിച്ചുവരുമ്പോൾ, ജപ്പാനിലുണ്ടാകുന്ന വിഷമങ്ങളുടേയും ഉൽക്കണ്ഠയുടേയും പ്രത്യാഘാതങ്ങളാണ്. ജപ്പാൻെറ അടിസ്ഥാനത്തിന്നു ഇളക്കം തട്ടിത്തുടങ്ങിയിരിക്കുന്നു. ജപ്പാൻ ഏർപ്പെടുത്തിവെച്ച 'പാവ'ഭരണകർത്താക്കൾതന്നെ യുദ്ധസാമഗ്രികൾ കൊണ്ടുപോവുന്നതിനെ തടയാനും സഖ്യവൈമാനികന്മാർക്ക് ചിലസൌകര്യങ്ങൾ നൽകാനും ശ്രമിച്ചുവെന്ന വർത്തമാനം എത്രമാത്രം സാധുവാണെന്നു പറയാൻ വയ്യ. ഏഷ്യാറ്റിക്ക് പ്രദേശങ്ങളിൽ ജപ്പാനുള്ള സ്വാധീനതയും ബലവും അയഞ്ഞുവരുന്നുവെന്നതിന്നും, ഈ രാജ്യങ്ങൾ ജപ്പാധിപത്യത്തിൽ ദുരിതങ്ങൾ മാത്രമാണ് അനുഭവിച്ചുവരുന്നതെന്നതിന്നും ഉള്ള ഒരു തെളിവാണിതു്.

ഈ പ്രദേശങ്ങളിലുള്ള തങ്ങളുടെ പിടിമുറുക്കുന്നതിന്നു ശ്രമിച്ചുവരുമ്പോൾതന്നെ, നിപ്പൺകൊടിയ്ക്കു കീഴിലുള്ള സ്വാതന്ത്ര്യത്തെപ്പററി പുകഴ്ത്തിപ്പറയുന്നതിന്നു ടോക്കിയോ പ്രചാരകന്മാർ വിഷമിക്കുന്നു.

"നാട്ടുകാരോടു, സ്ഥിതിഗതികൾ ഗൌരവാവഹ"മാണെന്നു കഴിഞ്ഞ മാസത്തിൽ ജപ്പാനീസ് കമ്മ്യൂണിക്കേകളിൽ പറഞ്ഞിട്ടുണ്ടു്. കഴിഞ്ഞ ആഴ്ചയിലെ സൂപ്പർ ഫോർട്ട് ആക്രമണം മൂലം വ്യവസായികശാലകൾ വളരെ അധികം നശിച്ചിട്ടുണ്ടു്. അതോടൊപ്പം മാണ്ഡലേ സഖ്യസേനകൾ പിടിക്കുകയും, ബർമ്മയിലെ ജാപ്പുസേനകളെ രണ്ടായിത്തെറിപ്പിക്കുകയും ചെയ്തു. ഇങ്ങിനെയുള്ള ഒരു പരിതസ്ഥിതിയിൽ ജാപ്പാനിലെ ജനങ്ങളുടെ മനോധൈര്യത്തിന്നു കോട്ടം വന്നിട്ടുണ്ടെങ്കിൽ, അതിലതിശയിക്കാനില്ല.

മാർച്ച് 6-ാംനു ടോക്കിയൊ റേഡിയൊ പ്രഖ്യാപിക്കുകയുണ്ടായി, "ശത്രു നമ്മെ പുതു ആയുധങ്ങൾകൊണ്ടു വെല്ലുവിളിക്കുന്നു. നാം ഇതു് ഉദ്ദേശിച്ചിരുന്നില്ല." ഇതേവരേയും ജാപ്പുകൾ തങ്ങൾ സുരക്ഷിതരാണെന്നും ആക്രമണത്തിന്നു അതീതരാണെന്നും വിശ്വസിച്ചുവരികയായിരുന്നു. ഗവമ്മേണ്ടു് വക്താക്കൾക്കു് മേലിലും സഖ്യശക്തികളുടെ ബലത്തെ നിഷേധിക്കാനൊ, ലഘൂകരിച്ചു പറയാനൊ സാദ്ധ്യമല്ലാതായിത്തീന്നിട്ടുണ്ടു്. അതുകൊണ്ടാണു് യുദ്ധത്തിൻെറ "ഗൌരവസ്ഥിതി"യെപ്പററിയുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതു്.

ജാപ്പാനിലെ സമരപ്രഭുക്കൾ സഖ്യശക്തികൾക്കു ബലക്കുറവുണ്ടായിരുന്ന ആ അവസരം നന്നായി ഉപയോഗിച്ചു. ഇന്നു അവരുടെ ആളുകളെത്തന്നെ മിരട്ടുവാക്കുകളും സൂത്രങ്ങളുംപറഞ്ഞു് സമാധാനിപ്പിക്കണമെന്ന ഒരു നിലയിൽ അവർ എത്തിച്ചേന്നിരിക്കുന്നു. ഇതേ നിലയിൽ ഈ സമര പ്രഭുക്കളാൽ മഠയന്മാരാക്കി വെച്ച പൌരന്മാർ നീണ്ടുനിൽക്കുന്ന ആക്രമണങ്ങളെ ചെറുത്തു നിൽക്കുമോ എന്നും കൂടി അവക്കു ആശങ്ക ഉണ്ടാവാൻ തുടങ്ങിയിരിക്കുന്നു.

മനോധൈര്യത്തിന്നുള്ള മറെറാരു പേരായി "ആദ്ധ്യാത്മിക വിഭവം," എന്നു പറയാൻ കൊയിസോ ഇഷ്ടപ്പെടുന്നു! 12 വയസ്സുള്ള ബാലന്മാരെ കൂടി രാജ്യരക്ഷാമുന്നണിയുടെ സംരക്ഷകരു പ്രവർത്തിപ്പിക്കുന്നതിന്നുവേണ്ടി ജപ്പാനിൽ വിദ്യാലയങ്ങളെല്ലാം പൂട്ടിക്കഴിഞ്ഞു. ജപ്പാനിൽ ഇന്നുള്ള പരിഭ്രാന്തിയും യുദ്ധമേധാവികളും പരുങ്ങലും എത്രമാത്രമുണ്ടെന്നാണു് ഇതു കുറിക്കുന്നതു്.

ഈ വിഷമതകൾക്കെല്ലാം ഇടയിൽ മറെറാരു തലവേദനയും—റഷ്യയുടെ നയത്തെപ്പററി: റഷ്യ ജപ്പാനെ ആക്രമിച്ചാലോ?

റഷ്യോ-ജപ്പാനീസ് നിഷ്പക്ഷ നയം ഏതെങ്കിലുമായ കക്ഷി നോട്ടീസ് നൽകുന്ന പക്ഷം 1945 ഏപ്രിൽ 24-ാംനു അവസാനിക്കുന്നതാണ്. 1941 ഏപ്രിൽ 25-ാംനു സാൻ ഫ്രാൻസിസ്കോ സമ്മേളനം ചേരുന്നതാണു്. ഈ സന്ദർഭത്തിൽ റഷ്യൻ നയത്തിൽ എന്തെങ്കിലും ചില മാററങ്ങളും ഉണ്ടാവില്ലേ എന്ന ആശങ്കക്കു അടിസ്ഥാനമില്ലാതില്ലയുമില്ല.

ജപ്പാൻ ഒരക്രമിരാഷ്ട്രമാണെന്നു പ്രധാന മന്ത്രി സ്റ്റാലിൻ പറകയുണ്ടായി. ഹിററ്ലർ മാർച്ച് എട്ടാം തിയ്യതി ചെയ്ത ഒരു പ്രസംഗത്തിൽ ജർമ്മനിയോടൊപ്പം ജപ്പാൻ റഷ്യയെ അക്രമിക്കുന്നതിന്നു ശ്രമിച്ചില്ലെന്നു ജപ്പാൻെറ പേരിൽ ചുമത്തുന്ന അപരാധം ശരിയാണെങ്കിൽ, ജപ്പാൻെറ പ്രക്ഷുബ്ധമായ മനസ്ഥിതിയെ അതു കൂടുതൽ ഇളക്കി മറിക്കുകയാണു ചെയ്യുന്നതു്.

ഇവോജിമ, മാണ്ഡലേ, ഫിലിപ്പൈൻ ദ്വീപുകൾ, ടോക്കിയോവിന്മേലുള്ള ഭയങ്കര ബോംബാക്രമണങ്ങൾ, ഇവയെല്ലാം ജപ്പാൻെറ പരാജയത്തെ ആസന്നമാക്കുന്ന അഭ്യന്തരമായ രാഷ്ട്രീയ കുഴപ്പങ്ങളും, സാമ്പത്തികവിഷമതകളും കൂടുതൽ വഷളായിക്കഴിഞ്ഞ സൈനികസ്ഥിതിയെയാണു കുറിക്കുന്നതു്.

പാസഫിക്ക് രംഗത്തിലുള്ള സഖ്യ നേതാക്കന്മാർ ജാപ്പാന്നെതിരായുള്ള യുദ്ധം ഒരു വിഷമം പിടിച്ച ഒന്നാണെന്നു പറയുന്നുവെങ്കിലും യുദ്ധം അതിൻെറ മൂദ്ധന്യാവസ്ഥയിൽ എത്തിയിരിക്കുന്നു. വിദൂര പൌരസ്ത്യദേശത്തെ ശത്രു ഇന്നു ചെയ്യുന്നതു് പ്രതിരോധസമരമാണ്. കാലവിളംബം വരുത്തുന്നതിന്നുള്ള സൂത്രവിദ്യകളാണ് അവർ എടുത്തു കൂട്ടുന്നതു്. നാട്ടിൽ തകന്ന ജനങ്ങളുടെ മനോധൈര്യത്തെ വീണ്ടും ഉത്തേജിപ്പിക്കാനുള്ള പരിശ്രമങ്ങൾ, അധീനപ്പെടുത്തിയ രാജ്യങ്ങളിലെ സ്വേച്ഛാഭരണത്തിന്നു കൂടുതൽ പിടി മുറുക്കൽ, ഇങ്ങനെയെല്ലാം ചെയ്തു് കാല ദൈർഘ്യംവരുത്തുന്നതിന്നു ജാപ്പുകൾക്കിനിഞ്ഞു പരിശ്രമിച്ചേക്കാം. എന്തായാലും, ജാപ്പാൻെറ മേലെ തൂങ്ങിനിൽക്കുന്ന പരാജയം നീക്കാൻ സാധ്യമല്ല.

# "നാടൻനാസികൾ"

## അവർ ആരാണ്?

ശത്രുവിൻെറ ഒററന്മാരായ രാജ്യവഞ്ചകന്മാർ.

സഖ്യസേനകളെ ദുഷിച്ചുനടക്കുന്ന ദേശദ്രോഹികൾ.

നാട്ടുകാരെ പട്ടിണിയിട്ടു്, ഭക്ഷണസാമഗ്രികൾ പൂഴ്ത്തിവെക്കുന്ന ലാഭക്കൊതിയന്മാർ.

കളളച്ചന്ത നടത്തുന്നവർ. അമിതാദായക്കാർ.

### അവരെ വെളിപ്പെടുത്തുക! നായാടിപ്പിടിക്കുക!!

### നിയമത്തിൻെറ നശിതഹസ്തങ്ങളിൽനിന്നു അവർ രക്ഷപ്പെടാൻ പാടില്ല.

# ആഴ്ചക്കുറിപ്പുകൾ

## ജർമ്മൻ യുദ്ധരംഗം

ജർമ്മൻ മണ്ണിൽവെച്ചു ഒന്നാം കനേഡിയൻ സേനയെ ചർച്ചിൽ സന്ദർശിച്ച അവസരത്തിൽ അദ്ദേഹം അവരോടു പറഞ്ഞു: "നിങ്ങൾക്കു വടക്കുഭാഗത്തുണ്ടായ പുരോഗതിമൂലം, തെക്കും പുരോഗമിക്കുന്നതിന്നു സാധിച്ചിട്ടുണ്ട്. താമസിയാതെ നാം റൈൻ കടക്കുന്നതായിരിക്കും. ദൂരെ, അങ്ങേപ്പുറത്തു പരാക്രമശാലികളായ റഷ്യക്കാർ അടുത്തടുത്തു വന്നുകൊണ്ടിരിക്കുന്നു. ഒന്നിച്ചെല്ലാം സേനകളും ഒന്നൊരുങ്ങി പുറപ്പെട്ടാൽ യൂറോപ്പിലെ യുദ്ധം അവസാനിക്കുമെന്നും, ദുഷ്പ്രഭുത്വം തകരുമെന്നും സമാധാനമാർഗ്ഗം തുറക്കപ്പെടുമെന്നും ആർക്കും മനസ്സിലാവുന്നതാണ്." കുറച്ചിട കഴിഞ്ഞപ്പോൾ സഖ്യസേനകൾ റൈൻ നദി കടന്നു. ഏതാണ്ട് 400 നാഴിക ദൂരെയായി ജർമ്മനിയുടെ കിഴക്കൻ സമരമുഖത്തിൽ റഷ്യക്കാർ ബാൾട്ടിക്കിലേക്കു തള്ളിക്കയറിക്കൊണ്ട്, ബർല്ലിനിലേക്കുള്ള അവരുടെ യാത്രക്കുള്ള തടസ്സങ്ങളെയെല്ലാം തട്ടിത്തകർത്തു ഹിറ്റ്ലരുടെ തന്ത്രങ്ങളെ സകലതും പരാജപ്പെടുത്തിവരുന്നു. ജർമ്മൻകാർ ഉന്മാദപരമായി ചെറുത്താൽക്കൂടി ഇനി അത്ര സാരമില്ല. ജർമ്മനിയിലേക്കു കയറുന്നതിന്നുള്ള രണ്ടു വമ്പിച്ച പ്രതിബന്ധങ്ങൾ തരണം ചെയ്തുകഴിഞ്ഞു—റൈൻ നദിയും, ഓഡർ നദിയും കടക്കൽ. ഹിററ്ലർ അവസാനക്കയ്യെന്ന നിലയ്ക്കു നഗരങ്ങളും, വ്യവസായങ്ങളും, കെട്ടിടങ്ങളും എല്ലാം നശിപ്പിക്കാൻ തീർച്ചയാക്കിയിരിക്കുന്നുവത്രേ. അതെന്തുതന്നെയായാലും ശരി, യാതൊരു പതറിച്ചയും പരിഭ്രാന്തിയും കൂടാതെ സഖ്യസേനകൾ മുന്നോട്ടുപോയി ദുഷ്പ്രഭുത്വത്തിന്റെ ആ കോട്ട പൊടിച്ചുകളയുകതന്നെ ചെയ്യും.


## വിജയത്തിന്റെ നാന്ദി


റൈനിൽ, റാമജെനിൽ ഉണ്ടായിരുന്ന ഒരു പാലം പൊളിച്ചുകളയുന്നതിന്നു ജർമ്മൻകാർ മറന്നു. 1940 ൽ ഫ്രഞ്ചുകാർ നാമൂറിലെ പാലം പൊളിക്കാതെ വിട്ടുകളഞ്ഞ ആ സംഗതിയാണ് ഇതു കേൾക്കുമ്പോൾ, ഓർമ്മവരുന്നത്. നിരൂപകന്മാരുടെ അഭിപ്രായപ്രകാരം റൈൻ സമരത്തിന്നു നോർമ്മാണ്ടി യുദ്ധത്തിന്റെ സാമ്യതയുണ്ടെന്നു കാണുന്നു. അന്ന് വടക്കുഭാഗത്തുള്ള ബ്രി: സേനകൾ തെക്കുള്ള അമേരിക്കൻ സേനയെ പുരോഗമിക്കുന്നതിന്നു സൌകര്യപ്പെടുത്തി. സിയാനിൽവെച്ചുള്ള ബ്രി: സമരം നിമിത്തമാണ് അമേരിക്കൻ സേനക്കു പാരീസിലേക്കു ആഞ്ഞു കയറുവാൻ കഴിഞ്ഞത്. ഈ താരതമ്യം ശരിയാകുന്നപക്ഷം, ഫ്രാൻസിലെ വിമോചിതമാക്കിയ ആ യുദ്ധതന്ത്രമനുസരിച്ചു, റൈൻ, റൂർ പ്രദേശം അധീനപ്പെടുത്തിയതു്, ജർമ്മൻ പ്രതിരോധത്തിന്റെ ശിഥിലീകരണത്തിന്റെ നാന്ദിയായി വരണം

## ബോമ്പുവർഷത്തിന്റെ നേട്ടങ്ങൾ

വിമാനവകുപ്പു മന്ത്രി സർ ആർച്ചിബാൾഡ് സിംക്ലെയർ മാർച്ച് 6-ാം തിയ്യതി പാർളിമെണ്ടിൽ ചെയ്ത പ്രസംഗത്തിൽ ബ്രിട്ടീഷ്-അമേരിക്കൻ വിമാനസേനകൾ ജർമ്മനിമേൽ ചെയ്ത ആകാശയുദ്ധത്തിന്റെ വിജയങ്ങളെക്കുറിച്ചു പ്രസ്താവിക്കുകയുണ്ടായി. ഫിബ്രുവരി മൂന്നാമത്തെ ആഴ്ചയിൽ 41,000 ടണ്ണും, നാലാമത്തെ ആഴ്ചയിൽ 32,000 ടണ്ണും ബോമ്പുകൾ ജർമ്മനിമേൽ വീഴ്ത്തിയതായി അദ്ദേഹം പറഞ്ഞു. അതായതു, ദിനംപ്രതി ജർമ്മനിയ്ക്കു 5,000 ടൺ ബോമ്പുകൾ കിട്ടുന്നു. ജർമ്മൻ എണ്ണഖനികളെല്ലാം ബോമ്പുവർഷം ഹേതുവായി തകർന്നു കഴിഞ്ഞു. റൂറിൽ തുടരെത്തുടരെയായി ആക്രമണം തുടർന്നുതന്നെ വരുന്നു. സൈലീഷ്യ റഷ്യക്കാരുടെ അധീനത്തിൽ പെട്ടിരിക്കുന്നു. ഇനി, വ്യവസായികമായി ചേക്കോസ്ലോവാക്യയാണുള്ളത്. അവിടേയും റഷ്യക്കാർ മുന്നോട്ടു കയറിവരുന്നു.

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




ജർമ്മനിയെ ഇങ്ങിനെ ചുട്ടെരിക്കുന്നത് വെറും ഉല്ലാസത്തിന്നുവേണ്ടിയല്ല. എന്നാൽ ജർമ്മൻകാർ നിരുപാധികമായി കീഴടങ്ങുന്നതുവരേയും ഇതു തുടർന്നുപോകുന്നതായിരിക്കുമെന്നു സഖ്യനേതാക്കന്മാർ പലപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ബർല്ലിന്റെ പത്തിലൊമ്പതു ഭാഗവും നഷ്ടമായി നശിച്ചുവെന്നു സൂറിച്ചിലെ ഒരു ലേഖകൻ ഒരു സ്വിസ്സ് അഭയാർത്ഥി പ്രസ്താവിച്ചതായി പറയുന്നു. അഭയാർത്ഥികൾ എങ്ങും ഇളകിമറിഞ്ഞോടിത്തുടങ്ങിയിരിക്കുന്നു. ഭക്ഷണക്ഷാമം വർദ്ധിച്ചിരിക്കുന്നു; വൈദ്യസഹായം തീരെയില്ലതന്നെ. പ്രവൃത്തികൊണ്ടേ ജർമ്മൻകാർക്കു സംഗതികൾ മനസ്സിലാവുകയുള്ളുവെങ്കിൽ ബോമ്പിന്റെ ഭയങ്കരശബ്ദം ആ കൃത്യം നിർവ്വഹിക്കുന്നുണ്ട്.

## മാണ്ഡലെ സഖ്യശക്തികളുടെ കയ്യിൽ

മാണ്ഡലെ സഖ്യശക്തികൾ പിടിച്ചടക്കിയതു ബർമ്മായുദ്ധത്തിലെ പ്രഖ്യാതമായ ഒരു വിജയമാണ്. കഴിഞ്ഞകൊല്ലത്തിൽ ഫ്രാൻസിൽ പാരീസ് പിടിച്ചപോലെയാണ്, ബർമ്മയിൽ മാണ്ഡലേ പിടിച്ചതു്. സൈനികദൃഷ്ട്യാ, ലാഷിയൊവിനോളം പ്രധാനമല്ല മാണ്ഡലേ. ആറക്കാൻ കടൽത്തീരത്തു സഖ്യസേനകൾ ഇറങ്ങാനാരംഭിച്ചതു മുതൽ മാണ്ഡലെയുടെ പ്രാധാന്യം പൊയ്പ്പോയി. ഐരാവതിയിൽ ചിലയിടത്തു സ്ഥാനമുറപ്പിക്കാൻ സാധിച്ചതു വളരെ ഉപയോഗപ്രദമായിട്ടുണ്ട്. മാണ്ഡലെ നഷ്ടപ്പെട്ടതിനാൽ ജാപ്പുകൾക്കു അവരുടെ സാമ്രാജ്യത്തിന്റെ പടിഞ്ഞാറൻ പ്രദേശത്തുവെച്ചു വമ്പിച്ച പരാജയം പിണഞ്ഞു. ബർമ്മയിൽ സഖ്യസേനകൾക്കാണ് പ്രാമാണ്യമെന്നാണ് മാണ്ഡലെ പിടിച്ചതുമൂലം വ്യക്തമാകുന്നതു്. ബർമ്മയുദ്ധത്തിലെ ഗതിവികാസത്തെ സൂചിപ്പിക്കുന്ന ഒരു പ്രധാനസംഭവമാണിതു്.

## സമരസന്നദ്ധമായി നില്ക്കുന്നു

ജപ്പാന്നു തീരെ ഇഷ്ടമാവാത്ത ഒരു സംഗതിയാണതു്—പാസിഫിക്കിൽ നാവികസേനകൾ വളരെ ഐക്യത്തോടെ സമരത്തിന്നു സന്നദ്ധമായി നില്പുണ്ടെന്നതു്. ബ്രിട്ടീഷ് നാവികസേനയും, അമേരിക്കൻ നാവികസേനയും അതിന്റെ ആദ്യത്തെ കൃത്യത്തിന്നു തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. ബ്രിട്ടീഷു കപ്പൽപടയിൽ പകുതിയും വിമാനവാഹിനിക്കപ്പലുകളാണ്. "ബ്രി. നേവിയും ജാപ്പു നേവിയും കൂടി പൊരുതുന്നപക്ഷം അതിന്റെ ഫലം എന്തായിരിക്കുമെന്നു എനിക്കു യാതൊരു സംശയവുമില്ല." അഡ്മിറൽ ഫ്രേസർ മെൽബോണിൽവെച്ചു ചെയ്ത ഈ പ്രസംഗം ജാപ്പാൻകാരെ ഇരുത്തിചിന്തിപ്പിക്കുന്നുണ്ടായിരിക്കും.

## നാവികസേനയിലുള്ള മേല്ക്കൈ—അതിന്റെ ഫലങ്ങൾ

ഫിലിപ്പൈനിലും ഇവോജിമയിലും അമേരിക്കൻ പടകൾ ഇറങ്ങിയപ്പോൾ ജാപ്പാന്നു അതിനെ ചെറുക്കാനൊ, തടുക്കാനോ കഴിഞ്ഞില്ല. അവരുടെ നാവികമായ ബലക്കുറവാണ് അതിന്നു കാരണം. എന്നാൽ അമേരിക്കൻ നാവികസേനയാകട്ടെ അനുദിനം വളർന്നുവരുന്നു. കഴിഞ്ഞ മാസത്തെ കണക്കുപ്രകാരം 1,100 യുദ്ധക്കപ്പലുകളും, 60,191 മററു കപ്പൽവിമാനങ്ങളും 34,000 വിമാനങ്ങളും, 3,623,000 ആഫീസർമാരും ഭടന്മാരും യു.എസ്. നാവികസേനയിലുണ്ട്. ബ്രിട്ടീഷ് സേനയും കൂടി ഈ സംഖ്യയോടു ചേർക്കുമ്പോൾ എത്രമാത്രം വമ്പിച്ച ഒന്നായിരിക്കും അതു്.

ചെറുകഥ

# ആശാപാശം

(ലാൻസ് നായിക് ജോൺ.)

സുകു, ശിമ്മിനാരി ഇംഗ്ലീഷ് ഹൈസ്കൂളിലെ ഒരു വിദ്യാർത്ഥിയായിട്ടു വർഷങ്ങൾ രണ്ടുമൂന്നായി. ആകർഷണീയമായ അയാളുടെ രൂപം ഈശ്വരദത്തമായിരുന്നു. അനിതരസാധാരണമായ സംഗീതമാധുരി, ലളിതകോമളമായ വചോവിലാസം ഇവ അദ്ധ്യാപകർക്കു സുകുവിൽ ഒരു പ്രതിപത്തി ജനിപ്പിച്ചു; സഹപാഠികളിൽ ആദരവും പ്രീതിയുമുളവാക്കി. അദ്ദേഹത്തിന്റെ ചെറുകഥാകഥനങ്ങളിൽ അവർ ആനന്ദിച്ചു, അല്ല,—വിസ്മയിക്കതന്നെ ചെയ്തു. അതെ, ആ വിദ്യാലയലോകം അദ്ദേഹത്തെ ഭക്ത്യാദരങ്ങളോടെ വീക്ഷിച്ചുവന്നു. വിശേഷിച്ചു ഒരു വ്യക്തി, ചില വികാരവിശേഷങ്ങളോടെ നിരീക്ഷിച്ചുതുടങ്ങി, ആരാധിക്കാൻ ആരംഭിച്ചു.

ശാന്ത, അതായിരുന്നു ആ സുകുമാരകളേബരത്തിന്റെ പേർ. താരുണ്യം അവളെ ആക്രമിച്ചുകഴിഞ്ഞിരുന്നു. 5-ാം ഫാറത്തിൽ പഠിക്കുകയാണ്. സുകുവിനെ കുറിച്ചുള്ള മധുരസ്മരണകൾ അവളുടെ ഹൃദയാന്തരാളത്തിൽ ലയിച്ചുകഴിഞ്ഞിരുന്നു. കിനാവിലും ആ മനോജ്ഞരൂപം അവൾക്കാനന്ദമരുളിവന്നു. "സുകുവില്ലാതെയുള്ള ജീവിതം" അവൾ ചിന്തയിലാണ്ടു. ഹൃദയം തകർന്നു. നെടുവീർപ്പു സദാ സഹചാരിണിയായി. ഏതോ അദൃശ്യമായ ശക്തിയാൽ അദ്ദേഹത്തിന്റെ സവിധത്തിലേക്കു അവൾ മന്ദം മന്ദം നീങ്ങി തുടങ്ങി.

സുകുവിലും,—ശാന്തയുടെ ഏകാഗ്രചിന്തയിൽ പൊട്ടിപ്പുറപ്പെട്ട പ്രണയവികാരതല്ലജങ്ങൾ ഓളം തല്ലിയ വായു ഉച്ഛ്വസിച്ചു—ഇടയ്ക്കിടെ ചെറിയ ദീർഘശ്വാസങ്ങൾ ഉതിർവിച്ചു. അവളുടെ ക്രമാധികമായ ശരീരവിളർച്ചയിൽ സുകുവിന്റെ മനസ്സലിഞ്ഞു. അയാൾ അത്യാർത്തിയോടതിന്നു കാരണം അന്വേഷിച്ചുതുടങ്ങി.

അന്നു ഒരനദ്ധ്യായദിവസമായിരുന്നു. പശ്ചിമദിങ് മുഖാശ്ലേഷത്തിൽ ലയിക്കാനുള്ള ആസക്തിയിൽ തെല്ലു വിവർണ്ണനായി ദിനേശൻ പ്രയാണം തുടങ്ങി. ശാന്ത, സ്വഗൃഹത്തിനല്പം ദൂരെ തഴച്ചുവളരുന്ന സസ്യാദികളിൽ കണ്ണോടിച്ചുകൊണ്ടു നിലകൊണ്ടിരുന്നു. അഥവാ ഏതോ ദിവാസ്വപ്നത്തിൽ മനം കുളുർപ്പിക്കയോ തപിപ്പിക്കുകയൊ ആയിരുന്നില്ലെന്നാരറിഞ്ഞു? സായന്തനലീലാലോലചേതസ്സായി, സുകു, കളിസ്ഥലത്തേക്കു ഉത്ഗമനം തുടർന്നു. രഥ്യാപദ്ധതിയിൽ കേളീരംഗത്തു ചെന്നെത്താനുള്ള ഉല്ക്കണ്ഠ, അയാളെ ശാന്തയുടെ ഭവനത്തിനടുത്തുള്ള ഇടവഴിയിൽക്കൂടെ തിരിച്ചുവിട്ടു. അയാൾ ശാന്തയുടെ ഏതാണ്ടു സമീപമെത്തി. അതിശീഘ്രത്തിലുള്ള ഒരു കാൽ പെരുമാററം അവളുടെ ശ്രദ്ധയെ ആകർഷിച്ചു. ഉദ്വേഗത്തോടെ അവൾ തിരിഞ്ഞു നോക്കി.

"സുകു—" അവൾ പ്രേമം പൊഴിയുന്ന സ്വരത്തിൽ വിളിച്ചുപോയി! വികാരതരളിതയായ ശാന്ത, അവളുടെ ഹൃദയം തുടിച്ചു. കരണീയം എന്തെന്നറിയാതെ നിലകൊണ്ടു. സുകു! വീണാനാദംപോലെ ഹൃദയാവർജ്ജകമായ ശബ്ദം. അതിൽ എന്തെല്ലാം സ്പൃഹണീയസംഗതികൾ അന്തർഭവിച്ചരുന്നില്ല!! ഒരു വിദ്യുല്ലതിക അയാളെ തടഞ്ഞതായി തോന്നി. സുകു നോക്കി, അയാളുടെ ശാന്ത! അവർ മൌനം പൂണ്ടു. "ശാന്തേ . . . .!" സുകു മൌനഭഞ്ജനം ചെയ്തു. സ്നേഹം തുളുമ്പുന്ന കൺകോൺകൊണ്ടു അവർ പ്രണയാർച്ചന ചെയ്തു. സുകു തുടർന്നു. "ശാന്തേ!" "സുകു . . . .!" അവൾ വിരമിച്ചു. നിർമ്മലരാഗം തിങ്ങിവിങ്ങുന്ന ഹൃദയം തുറന്നുകാട്ടാൻ അവർ വ്യാമോഹിച്ചിരുന്നു. അവരെ വലയം ചെയ്തിരുന്ന പ്രണയനാടകത്തിന്റെ നാന്ദി അവർ രണ്ടുപേരും ചേർന്നു അന്നു ചൊല്ലി. ഗംഗയുടെ നൈർമ്മല്യവും സിന്ധുവിന്റെ ഗാംഭീര്യവും ഒന്നിലൊന്നു വിലയിക്കുന്നതുപോലെയുള്ള മോഹനരംഗം—അവിടെ പ്രത്യക്ഷമായി.

. . . . . . . . . . . . . . . . . . . . . . . . . . . .

മാസങ്ങൾ ചിലതു കഴിഞ്ഞു. അവർ അനുരാഗസരിത്തിൽ ഒലിച്ചു ചേർന്നു; സുകുവും ശാന്തയും. സുകു അക്കൊല്ലത്തെ സ്കൂൾ ഫയനൽ പരീക്ഷയിൽ ജയിച്ചു. അന്നു, ആ വിദ്യാലയത്തോടെ അവസാനയാത്ര പറയുവാൻ—തന്റെ ഹൃദയം കവരുന്ന തരുണിയെ ഒരു കുറി കാണാനുള്ള ജിജ്ഞാസയോടെ, സുകു പോയി. നിർദ്ദിഷ്ട സ്ഥാനത്തു, ഹൃദയനാഥനെ പ്രതീക്ഷിച്ചു, ശാന്ത ഉത്സുകയായി അങ്ങുമിങ്ങും നോക്കിയിരുന്നിരുന്നു. ചെന്താമരപ്പൂവിന്റെ മുഗ്ദ്ധമന്ദഹാസവും ചെങ്കതിരവന്റെ പ്രേമഗംഭീരാമമായ കടാക്ഷവും തമ്മിൽ നർമ്മസല്ലാപം പൊഴിക്കുന്നതു അന്നവർ അഭിനയിച്ചു. അവളുടെ കൈത്തണ്ടു സുകുവിന്റെ കരാംഗുലികളിൽ! സ്വനാമാങ്കിതമായ ഒരു മോതിരം അയാൾ ആ മുഗ്ദ്ധലാംഗുലിയിൽ ഒന്നിൽ നിക്ഷേപിച്ചു. "ഓമനേ . . . .!" അയാൾ നിർത്തി. മനം നീറുന്ന ഒരു വ്യഥ അവൾ സുകുവിനെ അറിയിക്കുന്നുണ്ടായിരുന്നു. പ്രേമാർദ്രമായി—കണ്ണീർ കണങ്ങളടർന്നു വീഴുന്ന നോട്ടം കൊണ്ടു—അവൾ യാത്രാനുമതി നല്കി.

ഏതാനും ദിവസങ്ങളായി ശാന്തയുടെ ജീവിതത്തിൽ ഒരു കരാളച്ഛവി കലർന്നുതുടങ്ങിയിട്ട്. അനിഷ്ടമായ ഒരു ദാമ്പത്യബന്ധത്താൽ അവളുടെ ഭാവി ശോചനീയമാക്കാൻ അച്ഛൻ വൃഥാ ശ്രമം ചെയ്കയായിരുന്നു. വിവാഹാലോചന, അതു കൂട്ടിലടച്ച കിളിയെപ്പോലെ അവളെ അസ്വസ്ഥയാക്കി.

ശാന്ത ഈ പ്രാവശ്യവും സുകുവിനൊരു പ്രണയസന്ദേശം എഴുതി അയച്ചു; ശാന്തയുടെ ധർമ്മസങ്കടം ചിത്രീകരിച്ചിട്ടുള്ള ആ ചെറുകഥ—കളങ്കമററ പ്രേമാർപ്പണം അതു എവ്വിധം രൂപാന്തരപ്പെടുമോ, ആവോ!

ഏതാനും നാളുകൾക്കൂടെ കഴിഞ്ഞാൽ പരീക്ഷയായി. സ്വന്തമുറിയിലിരുന്നു അവൾ അലക്ഷ്യമായി ഒരു പുസ്തകത്തിന്റെ താളുകൾ മറിച്ചുകൊണ്ടിരുന്നു. അപ്പോൾ തപാൽകാരൻ കൊണ്ടുവന്ന എഴുത്തു അവൾ സോല്ക്കണ്ഠം വാങ്ങിച്ചു. തെല്ലു സംഭ്രമത്തോടെ വായന തുടർന്നു. അവൾ വിവർണ്ണയായി, ആ നീരജലോചനങ്ങൾ അശ്രുകലുഷിതമായി. ചില അക്ഷരങ്ങൾകൂടി അവൾ അവ്യക്തമായികണ്ടു. ഏതോ ഒരു ശബ്ദത്തോടെ അവൾ തൽക്ഷണം നിലം പതിച്ചു. ബോധക്ഷയത്താൽ വാടിത്തളർന്ന ശാന്ത! . . . .

ഡാക്ടരുടെ പ്രത്യേക നിഷ്കർഷയുണ്ടായിരുന്നു. മാസം ഒന്നു കഴിഞ്ഞു. അവൾ എഴുന്നേററു നടന്നുതുടങ്ങി. ദീനകിടക്കയിലെ അവസ്ഥാന്തരങ്ങൾ വർണ്ണിച്ചു കേട്ട ശാന്ത സ്വയം ലജ്ജിച്ചു തലതാഴ്ത്തി.

വീണ്ടും ആ എഴുത്തവൾ ശ്രമപ്പെട്ടു വായിച്ചു നോക്കി. സീമാതീതമായ ചിന്താസാഗരത്തിൽ മുങ്ങി. രക്ഷപ്പെടുവാൻ ആശിച്ചു. എന്തോ ക്കേയോ പുലമ്പി. "എന്റെ പ്രിയതമ! ഭവാൻ എവിടെ പോയി. ഇല്ല; ജന്മജന്മാന്തരങ്ങളിലും ഭവാനെ മറക്കുകയില്ല. അതു സാദ്ധ്യമല്ല. എന്റെ ഹൃദയൈക്യമേ!" അവൾ കൈ നീട്ടി. ആസങ്കല്പലോകം അവളിൽനിന്നു ദൂരെ എവിടെയോ പോയി മറഞ്ഞു.

(ശേഷം 7-ാം പേജിൽ.)

# മാർഷൽ സ്റ്റാലിൻ

(ജി. പി. ശങ്കരമംഗലം.)

പാടുന്നൂ, പാരിലുള്ളോരീ-
പ്ലാവനാനന്ദ ഗീതകം,
—പരാക്രമഭരാൽ റഷ്യ-
ജയിപ്പൂ ഭൂമിമണ്ഡലം!



അദ്വിതീയഗീതകത്തിന്റെ-
യാത്മാർത്ഥാഖ്യാനമെന്നപോൽ
'സ്റ്റാലിൻ' ജയിപ്പൂ, സ്വാതന്ത്ര്യ-
സന്താനതരുസന്നിഭൻ.

രണോർവ്വിയിലുയരുന്നൂം-
ധൂളിയാൽ ഭൂമിദേവിയാൾ
അന്നേതാവിൻ മഹദ്ഭൃത്യം
വാനോർകോനോട്ടരക്കയാഷ്,

വിപ്ലവക്കതിരെമ്പാടും-
വിതറും ചണ്ഡഭാസ്കരൻ,
വിമലം സാമ്യവാദത്തിൻ
മൂലമന്ത്രപ്രവാചകൻ,

'ഫാസിസ്റ്റ്' രാക്ഷസക്കെന്നും-
പ്രത്യക്ഷയമസന്നിഭൻ,
പാരെങ്ങും പാമരന്മാർക്ക്-
ഭവ്യനാം നിത്യബാന്ധവൻ,

സാധുരക്തം കുടിച്ചാട്ടും-
ചണ്ഡമണ്ഡലികൾക്കഹോ,
മൂലച്ഛേദം വരുത്തുന്ന-
ദാവകൻ, സാധുരക്ഷകൻ,

അനാചാരക്കൊട്ടുംകാററി-
ലടിക്കും ചണ്ഡമാരുതൻ,
'സ്റ്റാലിൻ' ജയിപ്പൂ, സദ്ലോക-
സമ്മതൻ, സമ്മതാംവരൻ!

(കലാപകം)

'സാറിസ്റ്റ്' ഭരണത്തിന്റെ-
ഹിംസാതാണ്ഡവവേദിയിൽ,
സാധാരണ കുടുംബത്തിൽ
സംഭവിച്ചു മഹാരഥൻ.

'ലെനിന്റെ' കാഹളധ്വാനാൽ
പുളകംകൊണ്ട റഷ്യയിൽ
വിപ്ലവത്തിരിയെമ്പാടും-
കൊളുത്തീ ബുദ്ധിപൂർവ്വകം.

ലെനിനെഗ് ഗുരുവായ് താനേ-
വരിച്ചു ഹൃത്തടേ മുദാ,
പാമരസ്സഹജന്മാർക്കായ്
ജീവിതം കാഴ്ചവെച്ചുതേ!

തടവും ശിക്ഷയും തൊട്ട-
കഷ്ടാരിഷ്ടങ്ങളേൽക്കിലും
അധികാരപ്രമത്തന്മാ-
ർക്കടിമപ്പെട്ടതില്ലഹോ!

കണ്ടു, 'സാറിസ്റ്റുകാർ' ധൂമ-
കേതുവായ്, ആ മഹാത്മനെ,
വിണ്ടലത്തരുവായ് തുഷ്ട്യാ-
യെങ്ങും സാധുജനങ്ങളും.

പൊങ്ങീ, 'റഷ്യ'യിലെമ്പാടും-
വിപ്ലവപ്പൊൻപതാകകൾ,
മങ്ങീ, ദുർമ്മന്ത്രിമാർ ചിത്തം,
തിങ്ങീ പൌരർക്കു തോഷവും:

ചുടുരക്തം തിളക്കുന്ന യുവ-
കോപജ്വലാഗ്നിയിൽ
എരിഞ്ഞു ചാമ്പലായ് തീർന്നു
ദുഷ്ട 'സാറിസ്റ്റ്' നിഷ്ഠകൾ!

സുപ്രഭാതമഹസ്സിന്റെ-
സൂചികാചിത്രമെന്നപോൽ
ഗഗനത്തിലുയർന്നാടി-
ക്കളിച്ചു ചെന്നിണക്കൊടി;

അരികൾക്കു ഹൃദന്തംചു-
ട്ടെരിയുന്ന, രിവാളൊട്ടും,
കററക്കാർ തലമുറവുന്ന-
ചുററികക്കലയോട്ടുമേ! (യുഗ്മകം)

തെളിഞ്ഞു പൌരവക്ത്രങ്ങൾ
പൊൽപ്രഭാതസുമങ്ങൾപോൽ,
സത്യസ്വാതന്ത്ര്യ, സൌഹാർദ്ദ-
സ്വാർത്ഥസമ്മേളനാപ്തിയിൽ

പഞ്ചാബ്ദപദ്ധതിദ്വീപ്ത്യാ-
പഞ്ചക്രൂരിതൾ നീങ്ങവേ,
പാരിൽ സ്വർല്ലോകമായ് ഭംഗ്യാ-
മാറീ റഷ്യ മഹാത്ഭുതം

സമത്വാമലസിദ്ധാന്ത-
സംസിദ്ധിക്കുതകുംവിധം
സാമുദായിക സംസ്കാരം-
സാധിച്ചൂ, സോവിയററുകൾ.

ലെനിനാം നാഥനൽജീവൻ
ഗഗനത്തിൽ ലയിക്കവേ,
സോവിയററിന്റെ നേതാവായ്,
സ്റ്റാലിൻ മുന്നോട്ടു വന്നിതേ.

തിരിയിൽനിന്നും കത്തിച്ച-
പന്തംപോൽ സുപ്രഭാവനായ്,
ഗുരുവര്യാജ്ഞയാൽ രാജ്യം
ഭരിച്ചു സ്റ്റാലിനുത്തമൻ.

അപാരരാജ്യതന്ത്രത്താൽ-
പുളകം മാതൃഭൂവിനും,
അത്യന്തതോഷം പൌരർക്കും-
വരുത്തീമഹിതാശയൻ!!

സഖ്യശക്തിയിലിന്നുള്ള-
സമാരാദ്ധ്യജനങ്ങളിൽ,
സ്റ്റാലിനുള്ള മഹൽസ്ഥാനം
സമ്മതിക്കുന്നു സർവ്വരും.

അടരിന്നടിതെററാത്ത-
പട്ടസൈനികമാലയിൽ
നടുനായകമായ് സ്റ്റാലിൻ
തെളിവൂ വിശ്വവശ്യനായ്

ചെമ്പടക്കുയിരേകുന്ന-
സമ്യക്സഞ്ജീവിമന്ത്രവും,
സാധുലോകപരിത്രാണ-
ദേഹിയും വേറെയാരുവാൻ ?

അച്ചുശക്തികൾതൻനാശ-
ലേഖം ഗഗനവേദിയിൽ
കുറിപ്പൂ ചെങ്കൊടികളാൽ
ഭവ്യനീ നവ്യചിത്രകൻ.

കരളിൽക്കുളിരേകുന്ന-
കാമ്യലോകം കൊതിക്കുവോർ
ഭജിപ്പൂ സ്റ്റാലിനെ ഭക്ത്യാ
നിത്യോപാസനപൂർവ്വകം.

ഞാൻ കാൺമൂ, നവ്യലോകത്തിൻ-
സ്രഷ്ടാവായമ്മഹാത്മനെ,
ആസന്നമപ്രഭാതത്തിൽ
ആനന്ദാന്ദോളിതാത്മനായ്

ഉച്ചനീചമൊഴിഞ്ഞുള്ളോ-
രുത്തമാദർശജീവിതം
പ്രാർത്ഥിപ്പോർക്കുലകിൽ പാർത്താൽ
സ്റ്റാലിൻതാൻ പരദൈവതം.


റഷ്യക്കുയിർ, ദരിദ്രർക്കു-
കല്പവൃക്ഷം, മരിക്കെമൻ,
മാർഷൽ സ്റ്റാലിൻ ജയിക്കുന്നു
മഹിതാദർശഭാസുരൻ!!

മാംഗല്യപ്രദ ലോകത്തിൽ
കൊതിക്കും മമ തൂലികേ,
മംഗലംനേരു, നീ ലോക-
മംഗല്യപ്പൊൻവിളക്കിനായ്.

(ശുഭം)



പടിഞ്ഞാറൻ സമരമുഖത്തു പിടിക്കപ്പെട്ട ചില ജർമ്മൻ തടവുകാർ



ഒന്നാം കനേഡിയൻ സേനയിലെ പീരങ്കിപ്പടയാളികൾ




ഒററമരത്തിലെ കുരങ്ങന്മാർ

(അഞ്ചാം പേജിൽനിന്നു തുടർച്ച.)

പ്രകൃതിനിയമങ്ങൾക്കു ലോപം വന്നില്ല. വഷ്ഷം ഒന്നായി. ഇടയ്ക്കിടക്കു ലഭിച്ചിരുന്ന സുകുവിന്റെ ഉദ്ബോധനങ്ങൾ അവളിൽ കത്തവ്യബോധം വരുത്തി അദ്ദേഹത്തിന്റെ നവവാസസ്ഥലനിണ്ണയത്തിൽ അവളുടെ ചകിതമനസ്സ് ആന്ദോളനം ചെയ്യിരുന്നതേയുള്ളൂ. അച്ഛനമ്മമാരുടെ നിബ്ബന്ധത്തിന്നു കീഴമർന്നു ശാന്ത മട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. ആ വഷ്ഷം കാളേജിൽ ചേക്കണമെന്നു പിതാവു് ആഗ്രഹിച്ചിരുന്നു. പക്ഷെ, ദൈവഗതിക്കു ഏതൊരിടത്തിലാണു് കവാടനിരോധനം?

ശ്രീ കുമാരവിലാസം ഹൈസ്കൂളിൽ ഒരു ഒഴിവുണ്ടായി. സ്കൂൾ മാനേജരും ശാന്തയുടെ അച്ഛനും "കളിക്കുട്ടി" പ്രായത്തിലെ ആത്മമിത്രങ്ങളായിരുന്നു. ഈ മമത ശാന്തയെ തത്സ്ഥാനത്തു നിയമിക്കപ്പെട്ടു. അവൾ ഉദ്യോഗത്തിൽ പ്രവേശിക്കാൻ അന്നു കാലേ കൂട്ടി വിദ്യാലയത്തിന്നു യാത്രയാക്കി. ചില പ്രത്യേക ജോലികൾ നിമിത്തം ക്ലാക്കു മുൻകൂട്ടി ആഫീസിൽ ചെന്നിരുന്നു. ആ കലാലയകാഴ്ച, ശാന്ത ചഞ്ചലിതഹൃദയായി. അവൾ മന്ദം മന്ദം ആഫീസിൽ പ്രവേശിച്ചു. ആ നീലോല്പലനയനങ്ങൾ ഒരിടത്തു സഹഷ്ഷം വിഹരിക്കതന്നെ ചെയ്തു. അതെ, അവർ ചിത്രത്തിലെഴുതിയതുപോലെ തെല്ലിട അവിടെ അങ്ങനെ നിന്നുപോയി! നേത്രങ്ങൾ തന്നെ വഞ്ചിക്കുകയല്ലെ? അവൾ സ്വയം ചോദിച്ചു. ആ ആലോല മനസ്സിൽനിന്നു ചില നൈസഗ്ഗിക നിശ്വാസങ്ങൾ പൊട്ടിപ്പുറപ്പെട്ടു.

ഒരു നേരിയ ശബ്ദശ്രവണം. അയാൾ തലയുയത്തി. അവരുടെ നോട്ടങ്ങൾ അന്യോന്യമിടഞ്ഞു. ക്ലാക്കു—ഭക്തദാസ്—അടിക്കടി പൊന്തിവരുന്ന വിചാരപരമ്പരകൾ നിയന്ത്രണം ചെയ്തു, അല്പം പതറിയ സ്വരത്തിൽ "ശാന്തേ!" .... സഹോദരീനിവ്വിശേഷമായ സ്നേഹത്തോടെ അയാൾ വിളിച്ചു. ശബ്ദസുഖത്തിൽ മനം കുളുത്ത ശാന്ത അമ്പരന്നു, അവൾ ഞെട്ടി. ഹൃദയം പിടഞ്ഞു. ഒരായിരം വികാരവിദ്യുല്ലതകൾ അവളുടെ മനോരാജ്യമണ്ഡലത്തിൽ മിന്നിപ്പൊലിഞ്ഞു. വിഭിന്നവികാരപരമ്പരകളുടെ സംഘട്ടനം, അനംഗന്റെ പ്രണയതാണ്ഡവം! സ്വേദകണങ്ങൾ ഇത്തരുണത്തിൽ അവളെ രക്ഷിച്ചു. വ്രീളാവേശിതയായി, അവൾ മുഖം തുടക്കുന്നതിന്നു പിൻവലിഞ്ഞു. "അതാ! ഹെഡ്മാസ്റ്റർ" ഒരു കുസൃതി ചെക്കൻ വിളിച്ചുപറഞ്ഞു. അതു അവരെ കൃത്യാന്തരങ്ങളിൽ തള്ളിവിട്ടു.

ആ വിദ്യാലയവേഴ്ച വീണ്ടും അന്യോന്യവാത്താഗ്രഹണത്തിന്നു അവക്കു സൌകര്യങ്ങൾ നല്കികൊടുത്തു. ശാന്തയുടെ നിബ്ബന്ധത്തിന്നു വിധേയനായ "ദാസ്" ഒരു ദിവസം അവളുടെ നൂതനവസതിയിൽ ചെന്നു. അവർ പല സരസസംഭാഷണങ്ങളിലുമേപ്പെട്ടു. അവളുടെ ഓരോ വാക്കിലും അന്തഭവിച്ചിരുന്ന ശരങ്ങൾ അയാളെ വിഷമിപ്പിച്ചു. "ഞാൻ ഒരു ഭക്തദാസനായതെന്തിനെന്നു ഇനിയും മനസ്സിലായിട്ടില്ല, ശാന്തേ!" അയാൾ ആ രഹസ്യം വ്യക്തമാക്കി തുടങ്ങി. താൻ പണ്ടത്തെ സുകുവായിട്ടല്ല, പ്രത്യുത അവളുടെ ഭാവിയിൽ മംഗളാകാംക്ഷിയായി ജീവിതം തുടരാൻ നിശ്ചയിച്ചിരിക്കുന്നു. കേവലം ഭക്തദാസനാണെന്നു ശാന്ത അപ്പോഴാണു് മനസ്സിലാക്കിയതു്. പക്ഷെ, അതു അവളുടെ പരിപാവനപ്രണയത്തിന്നു ബാധകമായില്ല. അവളുടെ വിരഹാവസ്ഥയിലെ ദാരുണരംഗങ്ങൾ ഹൃദയാനീറുന്ന വേദനയോടു വണ്ണിച്ചുതുടങ്ങിയ ശാന്ത "എന്റെ പ്രാണേശ്വരാ"! എന്നൊരു വിളിയോടുകൂടി അയാളുടെ തോളിലേക്കു ചാഞ്ഞു. സുകു മോഹിച്ചിരുന്നു, ആ പൂമേനി സ്പശ്ശനത്തിൽനിന്നു തെറിച്ചൊഴിയണമെന്നു. എന്നാൽ,—കരിങ്കൽ തുണ്ടത്തെ കല്ലുണ്ടു തരികളായി രൂപാന്തരപ്പെടുത്തുന്ന പ്രേമദൈവതത്തിന്റെ സഹവാസം—സുകുവിന്റെ ദൃഢനിശ്ചയം ശിഥിലീഭവിച്ചുപോയി!

സുമനോഹരമായ ഒരു ചലനചിത്രദശ്ശനംപോലെ ആ വത്സരം മറഞ്ഞു. ശാന്ത തിരുവനന്തപുരത്തു ഇന്റർമീഡിയററു ക്ലാസ്സിൽ പഠിക്കുന്നു. അവളുടെ ജനകന്റെ ആശ ഇനിയും പൂത്തിയായിട്ടില്ല. അതു ശാന്തയെ പൂവ്വാധികം ഭയചകിതയാക്കുന്നു. സുകുവിന്നെ! . . . .

ശാന്തയുടെ ഭാസുരഭാവിക്കു ഒരു മംഗളാശംസ, അല്ല, ഒരു ക്ഷമാപണപത്രം അയാൾ ബംഗളൂരിൽനിന്നയച്ചുകൊടുത്തു. അതിലെ ഓരോ വരിയും അവൾ സൂക്ഷ്മമായി പരിശോധിച്ചു. അശ്രുപ്രവാഹത്തിൽ ആ കടലാസ്സുകഷ്ണം അലിഞ്ഞുപോയി. ചിന്താപ്രവാഹത്തിലകപ്പെട്ട വാടാമല്ലിക. സ്മരണീയമായ അനുരാഗകഥകൾ ഒന്നിന്നു പുറകെ ഒന്നായി അവളെ തല്ലിയുലച്ചു. ആ മോതിരം അവൾ മാറത്തമത്തി. ചിന്തയിലാണ്ടു. "പ്രണയവികാരങ്ങൾ എന്നിൽ ഉത്തേജിപ്പിച്ച ആ സുവണ്ണവഷം—സുരഭിലസുന്ദരമായ ജീവിതകുസുമത്തിൽ കരാളകാകോളകണം ചൊരിഞ്ഞ ആ വഷം—തോരാത്ത കണ്ണീരിലേക്കു മാഗ്ഗദശ്ശം ചെയ്ത ആ ശപിക്കപ്പെട്ട ആണ്ടു്. വികാരവിപ്ലവങ്ങൾ ഒരു ഭീകരരൂപിയായി എന്നെ ഗ്രസിക്കാനൊരുമ്പെടുന്നു. സദാ മമ്മഭേദകമായ ചിന്താശതങ്ങൾ. വീപ്പുമുട്ടിക്കുന്ന നൈരാശ്യം. അനുസ്യൂതമായ ദീർഘശ്വാസം. ആപൂമിത്രം! അതെ, ഇന്നും അതുതന്നെ!!"

* * *

നോത്ത് ആഫ്രിക്കൻ രംഗത്തിൽനിന്നു ശത്രുക്കൾ തടവുകാരനാക്കി പിടിക്കപ്പെട്ട ആ ഭടൻ, ഇന്നും ജീവിച്ചിരിപ്പുണ്ടു്. നാസിമദ്ദനം ആയാളെ ഒരു ജീവച്ഛവമാക്കിയിരിക്കുന്നു. എങ്കിലും ഇരുമ്പുവേലികൾ പൊളിച്ചുകടന്നു ആ ഹൃദയം കേരളത്തിലേക്കു ചിറകു വിടുത്താറുണ്ടു്. "ശാന്തേ!" ആ ബലമില്ലാത്ത നാക്കിൽനിന്നു പലപ്പോഴും ഈ വിളികൾ പുറപ്പെടും. സഖ്യശക്തികൾ ജമ്മനിയിൽ ക്രമാതീതമായി പുരോഗമിക്കുന്നതു കേൾക്കുമ്പോൾ ആയാൾക്കും ഒരു പുതിയ ജീവൻ വീഴുന്നുണ്ടാവും!

---

## ലേഖകന്മാക്കു്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണു്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണു്. ഈ സംഗതിയിലേക്കു ലേഖകന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

(പത്രാധിപർ)

# അവരുടെ അവകാശം—ആറടി നിലം

**നമ്മുടെ പട്ടാളക്കാരുടെ ബയനററുമുനകളിൽ കൂട്ടപ്പിടിച്ച ശത്രുജനങ്ങളുടെ ചോരച്ചുവപ്പ് മനുഷ്യസമുദായത്തിൻെറ മുമ്പിൽ പുലർന്നുവരുന്ന പുത്തൻ പ്രഭാതത്തിൻെറ രക്തച്ഛവിയെയാണു കുറിക്കുന്നത്.**

[കിഴക്കുനിന്നും പടിഞ്ഞാറുനിന്നുമുള്ള സഖ്യസൈന്യങ്ങളുടെ കടുത്ത പ്രഹരങ്ങളേററ് ഫാസിസ്ററുമൃഗം അതിൻെറ കൂട്ടിൽക്കിടന്നു നിലവിളിക്കുന്നു. ഇതുകൊണ്ടൊന്നുമായില്ല. ഇതിലും ഭയങ്കരമായ വിധിയാണ് ഫാസിസ്റ്റിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഫാസിസത്തെ പരിപൂർണ്ണമായ വിധത്തിൽ ഭൂമുഖത്തുനിന്നു നിർമ്മാർജ്ജനം ചെയ്യണമെന്നാണ് ക്രിമിയ സമ്മേളനത്തിൽ നേതാക്കന്മാർ തീരുമാനിച്ചിട്ടുള്ളത്; ലോകത്തിലെ ജനസാമാന്യം ഈ അഭിപ്രായത്തെ സ്വാഗതം ചെയ്തിട്ടുമുണ്ട്.

എന്നാൽ, ഫാസിസ്റ്റനുഭാവികളും പ്രതിലോമമനസ്ഥിതിക്കാരുമായ ചിലർ, ജർമ്മനിയുടെ പേരിൽ ചുമത്തിയിട്ടുള്ള ഉപാധികൾ കടുത്തതാണെന്നും, അതിനാൽ കുറച്ചുകൂടി "മാർദ്ദവമായ" ഒരു സമാധാനത്തിന്നാണ് സഖ്യരാഷ്ട്രങ്ങൾ ശ്രമിക്കേണ്ടതെന്നും കെഞ്ചി യാചിക്കുന്നു. ജർമ്മൻ ജനങ്ങളുടെ പേരിൽ സഖ്യശക്തികൾക്കു പ്രതികാരേച്ഛയില്ല. സഖ്യപക്ഷനേതാക്കന്മാർ പലപ്പോഴും ഈ സംഗതി വ്യക്തമാക്കുകയുണ്ടായിട്ടുണ്ട്. ഹിററ്ലറുടെ ആൾക്കാരെ, നാസികളെ ശിക്ഷിക്കുന്നതിൽ, ഹൃദയമലിവ് ആർക്കും ഉണ്ടാവാൻ പാടില്ല. അങ്ങിനെ ചെയ്യുന്നത് ജർമ്മൻ ജനങ്ങളോടുതന്നെ ചെയ്യുന്ന ദ്രോഹമാണ്. നാസികളെ, അവരുടെ സംഖ്യ എത്രയായാലും, നായാടിപ്പിടിച്ചു കൊല്ലുകതന്നെ വേണം. അവർ ചെയ്ത അക്രമങ്ങളും അഴിമതികളും ഓർക്കുമ്പോഴേ ഇതിൻെറ ആവശ്യകത ബോദ്ധ്യമാവുകയുള്ളു. ഈ ലേഖനത്തിൽ അവ സംക്ഷിപ്തമായി പ്രസ്താവിക്കുന്നു.—യു.സ.പ.]

(എം. ഗോവിന്ദൻ)

ഫാസിസ്റ്റ് ചെന്നായ്ക്കളും അവററയുടെ കൂട്ടുകാരും ലോകത്തിന്നുചെയ്ത ദ്രോഹങ്ങളെപ്പററി ഓർക്കുമ്പോൾത്തന്നെ ഒരാളുടെ ഹൃദയം മരവിച്ചുപോകും. ലോകത്തിലെ ജനങ്ങളുടെയും, അവർ അരുമയായി പോററിവരുന്ന സകല നേട്ടങ്ങളുടെയും ബദ്ധശത്രുക്കളായ ഇവരുടെ പരാജയം ആസന്നമായിത്തുടങ്ങി. സഖ്യശക്തികൾ ത്വരിതഗതിയിൽ ഫാസിസ്റ്റ് ദുർഭൂതത്തെ ഞെക്കിഞെരുക്കുന്നു. നമ്മളിൽ ഒരു പുതിയ ആശയും, ചൈതന്യവും, ആവേശവും ഉദിച്ചുവരുന്ന ഈ സന്ദർഭത്തിൽ, ഈ നിർദ്ദയന്മാരുടെ മർദ്ദനത്താൽ നമ്മൾ അനുഭവിച്ചിട്ടുള്ളത് എന്താണെന്ന് ഒന്ന് പര്യാലോചിക്കുക.

എവിടെനിന്നാണ് ഈ മുറിമീശക്കാരനായ കള്ളൻ ഹിററ്ലറും, അവൻെറ കൂട്ടാളികളും വന്നുചാടിയത്? ഭൂമിയുടെ ഒരു പിളർപ്പിൽനിന്ന്; പാതാളത്തിൽനിന്ന്; പാതിയും നശിച്ചു നാറിയ ഒരു സമുദായരീതിയുടെ ചീയ്ച്ചലിൽനിന്ന്. തോൽവികളുടെയും, ഭ്രഷ്ടന്മാരുടെയും, മന്തന്മാരുടെയും, ഭ്രാന്തന്മാരുടെയും, കൊലപാതകികളുടെയും, ചോരകുടിയന്മാരുടെയും പാഴ്പ്പിടമായ കുപ്പയിൽനിന്നാണ് ഈ അട്ടകൾ തടിച്ചുകൊഴുത്തത്; അസുരവിത്തുകൾ മുളച്ചുപൊന്തിയത്; ഫാസിസകഴുകൻ ചിറകുവിടർത്തിയത്. ഈ നിഴൽപ്പാട്ടുകൾ ക്രമേണ വളർന്നുവളർന്നു ലോകത്തെ ഇരുട്ടിലിട്ടടക്കാൻ ശ്രമിച്ചു. അതേവരെയും അങ്ങിങ്ങായി, പുൽത്തകിടിയ്ക്കിടയിൽ സർപ്പങ്ങളെപ്പോലെ, ഒളിച്ചു കിടന്നിരുന്ന ഞാഞ്ഞൂൾപത്തികൾ പത്തിയുയർത്തി പുറത്തു ചാടി. പേതാൻ, ലവാൽ, ക്വിസ്ലിങ്ങ് ഇങ്ങിനെ പല ജാതികളും ഈ സർപ്പവർഗ്ഗത്തിലുണ്ട്.

യൂറോപ്പിലേയ്ക്കു നാമൊന്നു കണ്ണോടിക്കുക. എന്ത് നാശങ്ങളാണ് ഈ കാട്ടാളന്മാർ വരുത്തിക്കൂട്ടിയിരിക്കുന്നത്! ലണ്ടൻ, പാരീസ്, നെവോഗ്രാഡ് തുടങ്ങിയ എത്രയധികം സംസ്കാരകേന്ദ്രങ്ങൾ, പരിഷ്കാരത്തിൻെറ കലവറകൾ, അവർ തീയിട്ടെരിക്കാൻനോക്കി? ഫാസിസം കലയുടെയും സംസ്കാരത്തിൻെറയും, എന്നുവേണ്ട മനുഷ്യർ ഓമനിച്ചുവരുന്ന എന്തിൻെറയും പരമശത്രുവാണ്. ഫാസിസത്തിൻെറ സ്വഭാവം തന്നെ നശീകരണവും, നരബലിയുമാണ്. രാഷ്ട്രങ്ങളേയും ജനതകളേയും അന്യോന്യം കൂട്ടിയിണക്കുന്ന കലയും സംസ്കാരവും ലോകത്തിൻെറ മഹനീയ നേട്ടങ്ങളാണ്—മനുഷ്യനെ പുരോഗതിയിലേക്കു ആനയിക്കുന്ന നാഴികക്കല്ലുകൾ; മനുഷ്യൻെറ ലളിതവികാരങ്ങളേയും, സൌന്ദര്യബോധത്തേയും തൃപ്തിപ്പെടുത്തുന്ന തണ്ണീർ പന്തലുകൾ! ബക്കിങ്ങാം രാജധാനിയുടെയും, നോട്ടർഡാം പള്ളിയുടേയും, ക്രെംലിൻ കെട്ടിടത്തിൻെറയും ശില്പകലയുടെ അഴകു ആരെ ആകർഷിക്കില്ല! ഷേക്സ്പിയരുടെയും, ടോൾസ്റ്റോയിയുടെയും, വിക്ടർ ഹ്യൂഗോവിൻെറയും വിശിഷ്ടകൃതികൾ ഏതൊരാളെയാണ് കോൾമയിർ കൊള്ളിക്കാത്തത്? "സംസ്കാരം" എന്നു കേൾക്കുമ്പോൾ എനിക്കു തോക്കെടുക്കാൻ തോന്നുന്നു" ഗോയറിങ്ങ് പറയുകയാണ്. പക്ഷെ ഇന്നു മനുഷ്യസംസ്കാരം അതിൻെറ വിരോധികളായ ഗോയറിങ്ങിൻേറയും കൂട്ടുകാരുടേയും നേർക്കാണ് തോക്കെടുത്തിരിക്കുന്നത്. നഗ്നമായ മൃഗീയത, കാട്ടാളത്തരത്തിൻെറ വേഷ്ടത്, ഫാസിസ്റ്റുകാരുടെ സംസ്കാരമെന്നാലിതാണു.

ജർമ്മനിയിൽ ഈ കിരാതന്മാർ അധികാരത്തിൽ വന്നപ്പോൾ ആദ്യംചെയ്ത കൃത്യമിതാണ്; ജർമ്മൻ പാർല്ലിമെണ്ടിന്നു തീവെക്കുക, അന്നാട്ടിലെ ബുദ്ധിശാലികളെ ആട്ടിയകററുക, അവരുടെ മഹനീയ ഗ്രന്ഥങ്ങൾ വെണ്ണീറാക്കുക, ജനകീയ സംഘടനകൾ തല്ലിത്തകർക്കുക, അങ്ങിനെ അടിമത്തത്തിലേക്കും അജ്ഞതയിലേക്കും നാട്ടിനെ ആഴ്ത്തുക. സ്വന്തം നാട്ടിൽ ഈ "ദൈവദത്തമായ കൃത്യം" നിർവ്വഹിച്ചതിന്നുശേഷം ഈ ചെകുത്താൻ മറുനാടുകളെ ആക്രമിച്ചു. ഫാസിസ്റ്റുകൾക്കു ജീവിക്കുക എന്നുവെച്ചാൽ യുദ്ധം ചെയ്യുക എന്നാണർത്ഥം. മററുള്ളവരെ ദ്രോഹിക്കുക, മനുഷ്യസമ്പാദ്യങ്ങളെ നശിപ്പിക്കുക, ആര്യൻ മേധാവികളുടെ പരിഷ്കരണമുറകളാണിതു! കിറുക്കനായ ആ കുമ്മായംതേപ്പുകാരനു "ദൈവം" നിയോഗിച്ചതാണ് ഈ പരിഷ്കൃതകൃത്യംപോലും!

ഈ ചെകുത്താന്മാർ മനുഷ്യസമുദായത്തോടു ചെയ്ത നിഷ്ഠുരതയും അക്രമവും അളവററതാണു. മനുഷ്യസഹജമായ സഹതാപം, ദയ എന്നീ വികാരങ്ങൾ, മനുഷ്യരൂപത്തിലുള്ള ഫാസിസ്റ്റുമൃഗങ്ങളെ ബാധിച്ചിട്ടേയില്ല. പിടിച്ചടക്കപ്പെട്ട ദേശങ്ങളിൽ എത്ര പിഞ്ചുപൈതങ്ങളുടെ കഴുത്തിലാണ് ഇവർ കത്തി വെച്ചിരിക്കുന്നത്? സ്ത്രീകളും വൃദ്ധന്മാരും പോകട്ടെ; ആർക്കെങ്കിലും നെഞ്ചുറപ്പുണ്ടാകുമോ, പുലരിയുടുപ്പിൽ പുളച്ചു പാറുന്ന പൂമ്പാററകളെപ്പോലെ, ജീവിതത്തിലേക്ക് തത്തികാലെടുത്തുവെക്കുന്ന കരുന്നു കഴുത്തുകൾ ഞെരുക്കാൻ! റഷ്യൻ യുദ്ധരംഗത്തിൽ തടവുകാരനാക്കിപ്പിടിച്ച ഒരു ജർമ്മൻ ആഫീസരുടെ ഡയറിയിലെ ഒരു ഭാഗമാണ് താഴെ ഉദ്ധരിക്കുന്നത്. "തലവേദന അനുഭവിക്കാത്തവർക്ക് അതിൻെറ നോവു എത്രയുണ്ടെന്ന് അറിയാൻ മേലാ. എൻെറ മുമ്പിൽനിന്ന് സ്നേഹത്തെപ്പററി ആരെങ്കിലും പറയുമ്പൊൾ ഞാൻ പകച്ചുനില്ക്കുന്നു. ഞാനൊരാളേയും സ്നേഹിക്കുന്നില്ല. ഒരു സ്ത്രീയേയൊ, സ്നേഹിതനേയൊ, സർവ്വോപരി കുട്ടികളേയൊ സ്നേഹിക്കുന്ന ആ വികാരം ഒരു സാഹസമാണെന്ന് ഞാൻ വിശ്വസിക്കുന്നു." ഈവിധം ഹൃദയശൂന്യരും, ഉളളുപൊള്ളയായവരുമാണ് ഫാസിസ്റ്റുകൾ. ഇവർ യൂറോപ്പിനെ കീഴടക്കിയെന്നുപറഞ്ഞാൽ പിന്നത്തെ കഥയെന്തായിരിക്കും! ഇപ്പോൾതന്നെ ഇവരുടെ ക്രൂരതയുടെ ഫലം എത്രയധികമാണ്. സീൻ, തേംസ്, വോൾഗ, ഡാന്യൂബ് എന്നീ നദികളിലെ വെള്ളം അമ്മമാരുടേയും വിധവകളുടേയും കണ്ണീർത്തുള്ളികളാൽ ഇന്നു പുളിച്ചിരിക്കുന്നു; മനുഷ്യരക്തത്താൽ യൂറോപ്പിലെ മഞ്ഞിൻ കട്ടകൾപോലും ചെഞ്ചായം പൂശിയിരിക്കുന്നു!

സ്ത്രീകൾക്കറിയാം ഒരു സന്താനലബ്ധിക്കായി എത്രമാത്രം കഷ്ടപ്പാടു അനുഭവിക്കണമെന്ന്. കുട്ടിയെ രോഗത്തിൽനിന്നു രക്ഷിക്കണം; അങ്ങുമിങ്ങും ആ വികൃതിക്കുട്ടൻ ഉരുണ്ടുവീഴാതെ കാക്കണം; എപ്പോഴും മുല കൊടുത്തും കൊഞ്ചിയും താരാട്ടിയും ഇരിക്കണം. തങ്ങളുടെ പിഞ്ചുപൈതങ്ങൾ കൊഞ്ചികുഴയുമ്പോൾ, "അമ്മാ" എന്നാദ്യം വിളിക്കുമ്പോൾ, പിച്ചവെക്കാൻ തുടങ്ങുമ്പോൾ, അമ്മയുടെ അടുക്കൽനിന്നു അച്ഛൻെറ അരികിലേക്കു മുട്ടുകുത്തിയിഴയുമ്പോൾ, മാതാപിതാക്കന്മാർക്കു എന്തൊരാനന്ദമാണുണ്ടാവുന്നത്! ആർക്കറിയാം അമ്മയുടെ മടിത്തട്ടിലിരുന്ന് വിരൽത്തുമ്പു കുടിക്കുന്ന ഈ വികൃതിക്കുട്ടൻ ഒരു മഹാനാവില്ലെന്ന്! ഒരുപക്ഷെ, ഒരു ടോൾസ്റ്റോയ്, ചർച്ചിൽ, സ്റ്റാലിൻ, ഐൻസ്റ്റീൻ! ഇങ്ങിനേയുള്ള എത്ര എത്ര ജീവിതങ്ങൾ പിഴുതെറിയപ്പെട്ടു? ജീവിതത്തിൻെറ പ്രഭാതത്തിൽ, മുളയിൽനിന്നു കൂമ്പെടുക്കുംമുമ്പെതന്നെ, ചവിട്ടിത്തേയ്ക്കപ്പെട്ടു? ഫാസിസ്റ്റ് സൈന്യം ഓരോ ഗ്രാമങ്ങളിൽനിന്നും ജനങ്ങളെകൊന്ന്, ലോറികളിൽ 'കാബേജ്' കയററുംപോലെ ശവങ്ങൾ കൊണ്ടുതള്ളി. അഹോ, പൈശാചികമായ ഒരു മനുഷ്യക്കൊയ്ത്ത്!!

ഈ ദുരിതങ്ങളുടെ അവസാനം കണ്ടുതുടങ്ങി. ലോകത്തിലെ ജനതകളുടെ ഏകീകൃതമായ സമരം ഫാസിസത്തിൻെറ അടി പുഴക്കിക്കഴിഞ്ഞു. ഈ ദുർഭൂതത്തിൻെറ ശവക്കുഴി കുത്തുകയാണ് ഇന്ന് യൂറോപ്പിൽ വിജയം വരിച്ച് മുന്നോട്ടാഞ്ഞുകയറുന്ന നമ്മുടെ വീരന്മാരായ പടയാളികൾ. ലോകത്തിന്നു പുരോഗമനം വേണം; ജനങ്ങൾക്ക് സ്വൈരമായി ജീവിക്കണം; സമുദായത്തിന്നു വികസിക്കണം; ഈ ലക്ഷ്യപ്രാപ്തിക്കു ഫാസിസ്റ്റ് ചെന്നായ്ക്കൾ ചത്തുമണ്ണടിയുകയും വേണം. എത്ര വേഗത്തിലാണ് വീമ്പും വമ്പും ഇളക്കിയിരുന്ന ഹിററ്ലറും അയാളുടെ വാലിൽത്തൂങ്ങികളും തോററു പമ്പരം ചുററുന്നത്! ലണ്ടനും, മോസ്കോവും പിടിക്കാൻ കൊതിച്ചു വായിൽവെള്ളം നിറച്ച ഈ കള്ളനും കൂട്ടാളികളും ഇന്നു കണ്ണീരൊഴുക്കുന്നു!

ജർമ്മൻകാർക്കു ജീവിക്കാൻ സ്ഥലം വേണം! ഇതായിരുന്നു ഹിററ്ലരുടെ മുദ്രാവാക്യം; എന്നുവെച്ചാൽ മററുള്ള ജനങ്ങളുടെ നെഞ്ചിൽ കയറിയിരിക്കണം. ഫാസിസ്റ്റുകൾക്കു കുറച്ചു സ്ഥലം ആവശ്യമാണ്; ഇതു വളരെ ന്യായമായ അവകാശമാണ്; ജന്മാവകാശമല്ല, പിന്നേയോ? മരണാവകാശം. സഖ്യശക്തികൾ ഈ അവകാശം അനുവദിക്കും. അതേ, ഓരോ ഫാസിസ്റ്റ് കാട്ടാളനും അവസാനമായി വിശ്രമിക്കാൻ കുറച്ചു മണ്ണ്—അവററയുടെ ശവം മറവു ചെയ്യാൻ ആറടി നിലം! ജീവിക്കാനല്ല മരിക്കാൻ സ്ഥലം!

നമ്മുടെ പട്ടാളക്കാരുടെ ബയണററു മുനകളിൽ ഉയർപ്പിടിച്ച ശത്രുക്കളുടെ ചോരച്ചുവപ്പ്, മനുഷ്യസമുദായത്തിൻെറ മുമ്പിൽ പുലർന്നുവരുന്ന ഒരു പുത്തൻ പ്രഭാതത്തിൻെറ രക്തച്ഛവിയെയാണ് കുറിക്കുന്നത്.

കഴിഞ്ഞ യുദ്ധകാലത്തെ റഷ്യൻ ജനങ്ങളും

അവരുടെ

# യുദ്ധത്തെപ്പററിയുള്ള ചില അഭിപ്രായങ്ങൾ

(മാക്സിം ഗോക്കി.)

(ഈ യുദ്ധത്തിൽ ചുവപ്പുസേന ചെയ്ത വീരത കലന്ന വിക്രമങ്ങളും സോവിയററ് ജനങ്ങളുടെ പ്രശസ്തമായ ത്യാഗങ്ങളും ലോകത്തിലെ ജനതകളെ മുഴുവനുംതന്നെ വിസ്മയിപ്പിച്ചിട്ടുള്ള ഒന്നാണ്. എന്നാൽ, അതേ ജനങ്ങളുടെ പഴയ തലമുറ—വിപ്ലവത്തിന്നു മുമ്പുള്ള റഷ്യൻ ജനസാമാന്യം—സാറിസ്റ്റു റഷ്യയിലെ മദ്ദിതരായ പാവങ്ങൾ—കഴിഞ്ഞ യുദ്ധത്തെപ്പററി എന്താണ് വിചാരിച്ചിരുന്നത് എന്ന് വിശ്വസാഹിത്യകാരനായ മാക്സിം ഗോക്കി തന്റെ ഡയറിയിൽ കുറിച്ചതാണ് താഴെ പ്രസിദ്ധം ചെയ്യുന്നത്. ഈ ജനങ്ങളുടെ ഭാവി തലമുറകൾ തന്നെയാണ്, പലപ്പോഴും അവരിൽചിലർ തന്നെയാണ്, ഇന്നു ബർലിനെ നോക്കി പ്രയാണം ചെയ്യുന്ന വീരന്മാരായ പടയാളികളും പടനായകന്മാരും. സോവിയററ് ഭരണസമ്പ്രദായം അവരിൽ ഉത്തേജിപ്പിച്ചിട്ടുള്ള ആത്മവിശ്വാസവും, ത്യാഗമനസ്ഥിതിയും, കത്തവ്യബോധവും, ദേശാഭിമാനവും എത്രമാത്രമാണെന്ന് ഈ സംഭവം വിളിച്ചു പറയുന്നു.)

ആ കുതിരവണ്ടിക്കാരൻ, അയാൾ ഒരു മോസ്കോക്കാരനായിരുന്നു, വിടന്ന കണ്ണുകളോടും മരവിച്ചാന്ന മുഖത്തോടും കൂടിയ ആ മനുഷ്യൻ. പിഞ്ഞിക്കീറിയ ഒന്നായിരുന്നു ആയാളുടെ തൊപ്പി. മേൽക്കുപ്പായത്തിന്റെ കയ്യുകൾ രണ്ടും പൊളിഞ്ഞിട്ടുമുണ്ട്. ബൂട്ട്സിന്നകത്തുള്ള സ്റ്റോക്കിങ്ങ്സ് കീറിപ്പൊടിഞ്ഞതാണെന്നു കാലിൽ നോക്കിയ ഉടൻതന്നെ എനിക്കു കാണാൻ സാധിച്ചു. ആകപ്പാടെ കുറെ കീറത്തുണികൾകൊണ്ടുമാത്രം വസ്ത്രധാരണം ചെയ്ത ഒരാളാണ് ആയാളെന്നു തോന്നിച്ചു. വണ്ടി തെളിച്ചു പോവുമ്പോൾ, കണ്ട പള്ളികളുടെ മുമ്പിലെല്ലാം നിന്നു ആയാൾ ഒരു കുരിശിന്റെ രൂപം കൈകൊണ്ടു വരക്കും. ജീവിതത്തോടു് എത്രമാത്രം ഉയന്നിരിക്കുന്നുവെന്നു പിറുപിറുക്കും. ഒരിക്കൽ ഞാൻ ആയാളോടും യുദ്ധത്തെപ്പററി ആയാളുടെ അഭിപ്രായമെന്താണെന്നു ചോദിച്ചു.

"ഞങ്ങളെന്തിനാണതിനെപ്പററി ചിന്തിക്കുന്നതുതന്നെ?" ആയാൾ മറുപടി പറഞ്ഞു. "സാറാണ് യുദ്ധം ചെയ്യുന്നതു്. അതുകൊണ്ടു അതിനെപ്പററി ആലോചിക്കുന്നതും അദ്ദേഹത്തിന്റെ ചുമതലയാണ്"

"നിങ്ങൾ പത്രം വായിക്കാറുണ്ടോ?"

"ഇല്ല; ഞങ്ങൾ വായിക്കുന്ന ആളുകളല്ല. ചിലപ്പോൾ ഞങ്ങൾ മദ്യശാലയിൽനിന്നു ചില വാത്തകൾ കേൾക്കാറുണ്ടു്—പഴഞ്ചൻ കാര്യങ്ങൾ. എന്താണ് പത്രംകൊണ്ടുള്ള ഗുണം? ഈ പ്രദേശത്തു വളരെയധികം നുണ പറയുന്ന ഒരു ചങ്ങാതിയുണ്ടു്. 'വത്തമാനപത്രം' എന്നാണ് ആയാളെ വിളിക്കാറുള്ളതു്."

ചാട്ടവാറുകൊണ്ടു് ആയാൾ കക്ഷം ചൊറിഞ്ഞുകൊണ്ടു് ചോദിച്ചു:

"ജമ്മൻകാർ നമ്മെ തോല്പിക്കുന്നുണ്ടോ?"

"ഉവ്വ്" ഞാൻ ഉത്തരം പറഞ്ഞു.

"ആക്കാണു അധികം പട്ടാളക്കാരുള്ളതു് നമ്മൾക്കോ, ജമ്മൻകാക്കോ?"

"നമ്മൾക്കു."

കുതിരയുടെ രോമം നിറഞ്ഞ പുറത്തു ചാട്ടവാറുകൊണ്ടു് പിടച്ചുകൊണ്ടു് ഒരു തത്വജ്ഞാനിയുടെ ശാന്തതയോടെ ആയാൾ പറഞ്ഞു. "കൊള്ളാം. നിങ്ങൾ മനസ്സിലാക്കൂ, വെള്ളത്തിൽ വെണ്ണ ഉരുകുകയില്ല."

* * *

അമ്പട്ടൻ റയിൽവെ ജോലിക്കാരന്റെ മുഖക്ഷൌരം ചെയ്യുകയായിരുന്നു.

"ജമ്മൻകാർ നമ്മെ തോല്പിക്കുമെന്നതിന്നു യാതൊരു സംശയവുമില്ല," ഉറപ്പോടെ ആയാൾ പറഞ്ഞു. "എല്ലായ്പ്പോഴും അവർ അങ്ങിനെ ചെയ്തിട്ടുണ്ടു്."

റയിൽവെ ജോലിക്കാരൻ ചൊടിച്ചു പ്രതിവചിച്ചു: "നമ്മളും അവരെ പരാജയപ്പെടുത്തിയിട്ടുണ്ടു്. ഉദാഹരണമായി, എലിസബത്തു ചക്രവത്തിനിയുടെ കാലത്തു് നമ്മൾ ബർല്ലിൻ അധീനപ്പെടുത്തുകകൂടി ചെയ്തു."

"ഞാനതു പണ്ടു് കേട്ടിട്ടേയില്ല" അമ്പട്ടൻ പറഞ്ഞു. "ഞാൻതന്നെ ഒരു ഭടനാണ്. എന്നാൽ ഞാനിതൊരിക്കലും കേട്ടിട്ടില്ലതന്നെ. ഒരു പക്ഷെ നമ്മെ സന്തോഷിപ്പിക്കാൻ, അഥവാ നമ്മുടെ മനോധൈര്യം നിലനിത്താൻ ചമച്ച ഒരു കെട്ടുകഥയായിരിക്കും അതു്."

* * *

ആ ഭടൻ ഉശിരിൽ പ്രസംഗിച്ചു. പലതരക്കാരുമായ ആളുകളും അതു് കേട്ടു നിൽക്കുന്നുണ്ടു്. പട്ടാളക്കാരന്റെ തലയ്ക്കു ചുററും ഒരു കെട്ടുണ്ടായിരുന്നു; ആയാളുടെ നേത്രങ്ങൾ പ്രകാശിതങ്ങളായിരുന്നു. ആയാൾ ഉച്ചത്തിൽ സംസാരിച്ചു. ഇടയ്ക്കിടെ തന്റെ അടുത്തായി നിലകൊള്ളുന്ന ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന്നായി ആയാൾ കൈയുയത്തി ആംഗ്യം കാണിച്ചു.

"നമുക്കുതന്നെയാണു കൂടുതൽ ശക്തി; പക്ഷെ ജമ്മൻകാരുടെ നേക്കു നിൽക്കുന്നതിന്നു നമുക്കു സാദ്ധ്യമല്ല. ജമ്മൻകാർ വിശ്വാസത്തോടെ പടവെട്ടുന്നു; സശ്രദ്ധം അവരുടെ സേനകളെ വിനിയോഗിക്കുന്നു. നമ്മളോ? കഞ്ഞിയെല്ലാംതന്നെ ഒരൊററ പാത്രത്തിലേയ്ക്കു് ഒന്നിച്ചു കൊട്ടുന്നു."

കീറിയ മേൽക്കുപ്പായമിട്ടിട്ടുള്ള ഒരു പടുകൂററനായ കൃഷിക്കാരൻ പറഞ്ഞു, "എന്തു ചെയ്യണമെന്നു അറിഞ്ഞുകൂടാത്തത്രയധികം ആളുകൾ നമ്മൾക്കുണ്ടു്. നമ്മുടെ ഉദ്ദേശം മുഴുവനും ഈ രാജ്യത്തിലെ ആളുകളുടെ എണ്ണം കുറക്കുകയെന്നതാണ്!" ഇതു പറഞ്ഞു ആയാൾ കോട്ടുവായിട്ടു.

നരച്ചു കുള്ളനായ മറെറാരാൾ മുമ്പൊട്ടു ചാടി വന്നു "അതു ശരിയാണ്. ഈ യുദ്ധം അന്യനാടുകൾ പിടിക്കുവാനും, അതു കിട്ടാത്ത പക്ഷം ഇന്നാട്ടിലുള്ള ജനസംഖ്യ വെട്ടിച്ചുരുക്കാനുമുള്ളതാണ്."

ആകപ്പാടെ ജനസാമാന്യം യുദ്ധത്തെപ്പററി വളരെയധികം വെറുപ്പോടും വിദ്വേഷത്തോടും കൂടിയാണ് പറയുന്നതു്. അവർ വെറും അന്യരാണെന്ന നാട്യത്തിൽ, വെറും പ്രേക്ഷകരെന്ന നിലയിലാണ് സംസാരിക്കുന്നതു്.

എന്നുതന്നെയല്ല യുദ്ധത്തെപ്പററി അവക്ക് വല്ലാത്ത ദുഷിച്ച അഭിപ്രായങ്ങളുമുണ്ടു്. പൊതുവെ വിദ്വേഷജനകമായ അരാജകീയ മനസ്ഥിതി എങ്ങും പടർന്നുപിടിച്ചിരിക്കുന്നു.

എന്നാൽ തൊഴിലാളികളുടെ നില അതായിരുന്നില്ല. അവരുടെ രാജ്യതന്ത്രജ്ഞതയും, ദൃഢതയും അവരുടെ അഭിപ്രായങ്ങളിൽ പ്രതിഫലിച്ചിരുന്നു. ഒരു തൊഴിലാളി നേതാവായ പി. എ. സ്കോറോക്കോസോവ് ഇങ്ങിനെയെഴുതിയിരുന്നതു ഞാൻ വായിച്ചു.

"ആലോചിച്ചുനോക്കൂ! രണഭൂവിൽവെച്ച് അരോഗദൃഢഗാത്രരും ചോരത്തിളപ്പുള്ളവരുമായ എല്ലാവരും കൊല്ലപ്പെടുകയാണെന്നു വെച്ചാലൊ! വിപ്ലവത്തിന്നു അവരെല്ലാം അവശ്യം ആവശ്യമാണ് അതിന്നു വേണ്ടത്ര ആളുകളുണ്ടാകുമോ, ആവൊ?" (10-ാം പേജ് നോക്കുക)

## ഭടന്റെ കത്ത്

(പി. ആർ. വാരിയർ)

1 മധുമാസമണഞ്ഞിടുന്നതാം
മലയാളക്കര നോക്കിനിന്നിദം,
മമ മോഹന ഗേഹസീമയെ
മതിയിൽച്ചേത്തു കുറിച്ചിടുന്നു ഞാൻ.

2 'മിനി' മാപ്പ്—മറക്കു തെററിനി-
ക്കിനിയും ലേഖനമിങ്ങയക്കണേ
കനിവാന്നൊരു മന്ദഹാസമെൻ
ജനിസാഫല്യമിയററിടാവുമേ.

3 അലയാഴികളാത്തലച്ചിട്ടു-
ന്നലയാൽച്ചുംബിതമായ ഭൂമിയിൽ
മലനാട്ടിനു മാന്യമാം രണ-
സ്ഥലിമോദത്തൊടു വാണിടുന്നു ഞാൻ.

4 ദിവസങ്ങളുദിച്ചിടുന്നതും,
ജവമന്നന്തിയിലസ്തമിപ്പതും,
ഭവദശ്രുകണങ്ങൾ ചേത്തപോ-
ലിവിടംമഞ്ഞല മൂടിനില്പതും;

5 മതിമോഹന വാനിലാശയാം
കതിരോനാഴിയിലാണ്ടുപോകവെ
അതിവേദന ദീനമാമഴൽ-
ക്കരിതേച്ചീടിന രാവുയന്നതും;

6 വഴിതെററിയ പാന്ഥനെന്നപോ-
ലഴലാൽക്കേണു കഴിഞ്ഞ നാളുകൾ
പഴതെ ജലമാകെവററിടും
പുഴപോൽ മെല്ലെയൊലിച്ചുപോവതും,

7 പതിവിൻപടി ചേത്തുമീട്ടശം
മതിവിഭ്രാന്തി കലന്നിരിക്കിലും;
പതിതക്കഭികാമ്യമാം ചുക-
പ്പുണിയൊന്നിച്ചുടർ ചെയ്കയല്ലി ഞാൻ!

8 വിജയാസ്പദ ലോലമാം പുലർ-
വ്വിമലാദർശ് മുയന്നു കയ്യിനാൽ;
വിരിമെത്ത വിരിച്ചുദാരമായ്
വിതറും നൂതനശാന്തി കന്ദളം.

9 വരുമാമതിമോഹമാം ദിനം
പുരുഹഷത്തൊടു കാത്തിരിപ്പു ഞാൻ;
ഒരു നൂതന ജീവിതത്തില-
ന്നൊരുമിച്ചുത്സവമാടിടാമയെ!

10 ഒരുനാളുമെനിക്കു വിസ്മരി-
ക്കരുതേകാന്തത ചേന്നസന്ധ്യയിൽ
ഒരുമിച്ചൊരുപത്ത്യകയ്ക്കടു-
ത്ത, രുവിത്തട്ടിലിരുന്ന നാളുകൾ.

11 ഉടലൊട്ടു ചെരിച്ചുകക്ഷ്യിലായ്
നടിപോൽ കൌതുകമേകിയാക്കമെ,
നടകൊണ്ടിതു നീ നിറഞ്ഞ മൺ-
കുടമൊക്കത്തിലണച്ചു മെല്ലവെ.

12 നലമമ്പിളി ചേത്തിടുന്ന പാ-
ലൊളിയാൽ രാജിതമായ രാവിലും
പല തിങ്കളുമാത്ത ഹമ്മ്യ-
മ്പലമുററത്തു കളിച്ചിരുന്നതും.

13 പുതുസംഭവ മിന്നലെക്കഴി-
ഞ്ഞതുപോലിങ്ങനെയോപ്പതില്ലയൊ?
അതുമട്ടൊരു ജീവിതം നമു-
ക്കിനിയും കൈവരുമെന്നുറച്ചിടാം.

14 ചേണാന്നിടും വിജയലക്ഷ്മി വരിച്ചുമൊനി-
ങ്ങോണത്തിനൊത്തവിടെ നാട്ടിലണഞ്ഞു
[കൊള്ളാം;
പ്രാണാധികപ്രിയമെഴും മിനി! മാപ്പു ന
[ൽകു
കാണാം നമുക്കതിജവം; മതി നിത്തിടട്ടെ!

ഇന്നവർ അവരുടെ രാജ്യത്തിന്നുവേണ്ടി പട വെട്ടുന്നു.

പുതിയ ഭരണരീതിയിൽ ഫാസിസ്റ്റു വിരോധികളായിത്തീർന്ന

# സോവിയറ്റ് അമ്മമാർ

(അലക്സാന്തർ ഫെഡറോവ്)

ക്യാപ്ടൻ പറഞ്ഞു തുടങ്ങി :—

"1942 ലാണു് അതു സംഭവിച്ചതു്. എനിക്കു വളരെ കലശലായ വിധം മുറിവുപററിയിരുന്നു. അതിനാൽ ആരെല്ലാം കൂടിയാണു എന്നെ ആ കുടിലിലേക്കു കൊണ്ടുവന്നതെന്നു ഓർമ്മയില്ല. എനിക്കു തലചുററലും ബോധക്ഷയവും വന്നു. എനിക്കു ബോധം വന്നപ്പോൾ എന്റെ ചുററുപാടുകൾ എന്നെ പരിഭ്രമിച്ചു. ഞാനെവിടെയാണെന്നു എനിക്കു മനസ്സിലാക്കാൻ സാധിച്ചില്ല. എന്റെ മുമ്പിലുള്ള പുക പിടിച്ച ചുവരിന്മേലേക്കു ഞാൻ തുറിച്ചു നോക്കി. പക്ഷെ അതുകൊണ്ടൊന്നും തന്നെ തലേന്നാളത്തെ സംഭവത്തെപ്പററി എനിക്കു ഗ്രഹിക്കാൻ സാധിച്ചില്ല. ഭയങ്കരമായ യുദ്ധം . . . . . പാലം അധീനത്തിൽത്തന്നെ വെക്കുന്നതിന്നു തീവ്രശ്രമം. പരാജയം . . . . വിമാനങ്ങളും മുറിപ്പെട്ടവരും, ഇവയെല്ലാം എനിക്കോർമ്മയുണ്ടു്. പക്ഷെ അതിന്നുശേഷം സംഭവിച്ചതെന്താണെന്നു് ഓർമ്മയില്ലായിരുന്നു.

വാതിലിൽ ഒരു 'കിരു കിരു' ശബ്ദമുണ്ടായി; തല നരച്ച ഒരു വൃദ്ധ സ്ത്രീ കടന്നുവന്നു. ഞാനവരെ മുമ്പു കണ്ടിട്ടേയില്ല.

"കുഞ്ഞേ, നീയെങ്ങിനെയായാലും ഇവിടെ എത്തി; ഈശ്വരകടാക്ഷം തന്നെ." എന്റെ കിടയ്ക്കരികിൽ വന്നിരുന്നുകൊണ്ടു അവർ പറഞ്ഞു.

"നിങ്ങൾ ബോധക്ഷയത്തിൽ എന്തെല്ലാമോ വിളിച്ചു പറഞ്ഞു. ജർമ്മൻ കേട്ടാലോ എന്നു എനിക്കു വല്ലാത്ത ഭയമുണ്ടായി."

"ജർമ്മൻകാരോ ?" ഞാൻ കിടയ്ക്കയിൽനിന്നു മിക്കവാറും ചാടിയെഴുന്നേററു. എന്റെ മുറിപ്പെട്ടകാലിൽ കത്തിമുന കൊണ്ടു കുത്തിയപോലെ ഒരു വേദനയുണ്ടായി; ഞാൻ വീണ്ടും കിടന്നു.

"ജർമ്മൻകാർ തന്നെ, കുട്ടാ; മിനിഞ്ഞാണു് അവർ ഈ ഗ്രാമത്തിൽവന്നു" കിഴവിയുടെ വാക്കിൽ കാരുണ്യത്തിന്റെ കലപ്പുണ്ടായിരുന്നു. "നമ്മുടെ കുട്ടികൾ പുഴയുടെ അക്കരെക്കു രാത്രി കടന്നു, ജർമ്മൻകാർ രാവിലെ ഇവിടെ വന്നു. അവർ ചില കുടിലുകൾ ചുട്ടെരിച്ചിട്ടുണ്ടു്."

ഇതുകേട്ടപ്പോൾ എനിക്കു വാസ്തവം മനസ്സിലായി. എന്നെ പുഴയ്ക്കക്കരെ കൊണ്ടുപോകാൻ സാധിക്കാതെ എന്റെ സഖാക്കൾ ഈ കിഴവിയുടെ കുടിലിൽ ഒളിപ്പിച്ചതായിരിക്കണം. ഞാൻ, ഒരു സോവിയറ്റ് ഓഫീസർ, ഇപ്പോൾ ശത്രുവിന്റെ മദ്ധ്യത്തിലാണു്. എന്റെ കിടയ്ക്കരികിൽ നിൽക്കുന്ന ഈ കിഴവിയെ ആശ്രയിച്ചിട്ടാണു് എന്റെ ജീവിതം സ്ഥിതിചെയ്യുന്നതു്. അവരേതൊരു ആപത്തിനെയാണു് വെച്ചു പുലർത്തുന്നതെന്നു അവൾക്കു മനസ്സിലായിട്ടില്ലെന്നുണ്ടോ ? . . . . . . ഞാനവരുടെ മുഖത്തു സാക്രൂതം നോക്കി. അതിൽ ശക്തിയില്ലായ്മയുടെ രേഖകളല്ല, അനുഭാവത്തിന്റെ നേരിയ രേഖകളാണുള്ളതു്. ആ കണ്ണുകൾ പ്രകാശമാനങ്ങളായിരുന്നു.

"ബോഡുകളാലും മററും പൊതിഞ്ഞ ഒരു അണ്ടർ ഗ്രൌണ്ടിൽ, എന്നെ ശുശ്രൂഷിക്കുന്നതിന്നു പലരും ഉണ്ടായിരുന്നതായിക്കണ്ടു. ഒരു ദിവസം ഞാൻ കനത്ത കാലടി ശബ്ദങ്ങളും കേട്ടു. വാതിലിൽ ബലമായി മുട്ടി. കുറച്ചു് നിമിഷങ്ങൾക്കുശേഷം മിക്കോലോവ്ന—ആ കിഴവിയുടെ പേർ അതായിരുന്നു—എന്റെ അരികിൽ വന്നുനിന്നു . . . . . മരണത്തെപ്പോലെ !

"അവർ തെരഞ്ഞു നോക്കിയപ്പോൾ, സർവ്വതും തലതിരിച്ചും, തകിടം മറിച്ചുമിട്ടു. വീട്ടിലുണ്ടായിരുന്ന ഭക്ഷണമെല്ലാം എടുത്തുകൊണ്ടുപോയി. എന്നാൽ അവർ ഈ ബോഡുകൾ തൊട്ടില്ല. അവരങ്ങിനെ ചെയ്യുമെന്നു വിചാരിച്ചു ഞാൻ വല്ലാതെ ഭയന്നു. ഇനി അവർ നമ്മെ ബുദ്ധിമുട്ടിക്കുമെന്നു ഞാൻ കരുതുന്നില്ല" അവർ സന്തുഷ്ടതയോടെ പറഞ്ഞുതീർത്തു.

മിക്കോലോവ്ന വിചാരിച്ചതുപോലെയല്ല കാര്യങ്ങളുണ്ടായതു്. ഒരു മുറിപ്പെട്ട സോവിയറ്റ് ആഫീസർ ആ ഗ്രാമത്തിലെവിടേയോ ഉണ്ടെന്നു അവർക്കു മനസ്സിലായിരുന്നു. ഏതു വിധേനയെങ്കിലും ആയാളെ അന്വേഷിച്ചു പിടിക്കുന്നതിന്നു ജർമ്മൻകാർ ഉറച്ചിരുന്നു.

ഞാൻ വളരെ പ്രയാസത്തോടുകൂടി എഴുന്നേററ് ചുററുപാടും എത്തിച്ചുനോക്കി. അവിടെ, പുറത്തു നടന്നിരുന്നതെന്തായിരുന്നുവെന്നു എനിക്കു കാൺമാൻ സാധിച്ചു.

കിഴവിയെ ജർമ്മൻ ഓഫീസർമാർ മുറിയൻ റഷ്യൻ ഭാഷയിൽ വിസ്തരിക്കുകയായിരുന്നു. ബോൾഷേവിക് കമാണ്ടർ എവിടെയാണെന്നു് പറവാൻ അവരോടു ഫാസിസ്റ്റുകൾ ആവശ്യപ്പെട്ടു. തനിക്കൊന്നും അറിഞ്ഞുകൂടെന്നു തന്നെ മിക്കോലോവ്ന ആവർത്തിച്ചുപറഞ്ഞു. അവരുടെ പൌത്രി നിയൂസ്യയോടു ജർമ്മൻകാർ ചോദ്യം ചോദിക്കാൻ തുടങ്ങി. അവളിൽനിന്നും അവർക്കു യാതൊരു വിവരവും കിട്ടിയില്ല. അതിനാൽ അവർ ആ കൊച്ചു ബാലികയെ അടിക്കാൻ തുടങ്ങി. ആ പാവപ്പെട്ട കുട്ടി വേദനകൊണ്ടു് പിടഞ്ഞു നിലവിളിച്ചു എങ്കിലും ഒന്നും പറഞ്ഞില്ല. കിഴവിയെ ജർമ്മൻകാർ എല്ലാവിധത്തിലും നിർദ്ദയമായി മർദ്ദിക്കുന്നതിന്നാരംഭിച്ചു.

സ്നേഹിതന്മാരേ, ആ സന്ദർഭത്തിൽ ഞാനെന്തു വേദനയാണു് അനുഭവിച്ചതെന്നു പറയാൻ വിഷമമാണു്. എനിക്കെന്റെ സ്വന്തം മാതാവിനെ ഓർമ്മയില്ല. എനിക്കൊരുവയസ്സാകുന്നതിന്നു മുമ്പു് എന്റെ അമ്മ മരിച്ചു. ഈ കുടിലിൽത്താമസിച്ച കുറച്ചു ദിവസങ്ങൾക്കുള്ളിൽ മാതൃവാത്സല്യവും കാരുണ്യവും ഞാൻ മനസ്സിലാക്കി. എന്റെ അമ്മയാക്കി ഞാൻ പരിഗണിച്ചുവന്ന ആ വൃദ്ധസ്ത്രീ എനിക്കുവേണ്ടി ഈ മർദ്ദനങ്ങൾ അനുഭവിക്കുന്നതു കാണുക, അതും ഞാനത്രമേൽ നിസ്സഹായനായി കിടക്കുന്ന ഒരു സമയത്തു്, എനിക്കു നിലവിളിക്കാൻ തുടങ്ങി "എടാ ചെകുത്താന്മാരേ ! ഞാനിതാ നിങ്ങളവരെ ദ്രോഹിക്കേണ്ട" എന്നു പറഞ്ഞാലോ എന്നു ഞാനാലോചിച്ചു. പക്ഷെ അതു കാര്യങ്ങളെ കൂടുതൽ വിഷമതകളിൽ കൊണ്ടുചാടിക്കും. അതു ഞങ്ങളെ ഇരുവരെയും മരണത്തിലേക്കു നയിക്കും.

ഒരു മങ്ങിയ നിലവിളി ഞാൻ കേട്ടു, "എനിക്കൊന്നും അറിഞ്ഞുകൂടാ.' അവരുടെ ചെറിയ ചുക്കിച്ചുളിഞ്ഞ ശരീരത്തിലൂടെ ജർമ്മൻ ബയണററുകൾ എങ്ങിനെയാണു് പിളർന്നു പോയിരുന്നതു് എന്നു എനിക്കു കാൺമാൻ സാധിച്ചു. എന്റെ ഹൃദയത്തിൽ ബയണററുകൊണ്ടു തുളക്കുന്നതായിട്ടാണു് എനിക്കനുഭവപ്പെട്ടതു്.

"അവരെ കൊല്ലരുതേ, അവരുടെ തലമുടി അങ്ങിനെ പിടിച്ചുവലിക്കരുതെ" കൊച്ചുബാലിക അപേക്ഷിച്ചു. എന്നാൽ ആ മൂർഖന്മാർ അതൊന്നും ശ്രദ്ധിക്കാതെ കൂടുതൽ ഉഗ്രതയോടെ പ്രഹരിക്കാൻ തുടങ്ങി. "ആ കുരുത്തംകെട്ട ബോൾഷേവിക് എവിടെ" ഒരു ദ്രോഹി എപ്പോഴും ഇങ്ങിനെ ചോദിച്ചുകൊണ്ടിരുന്നു. എനിക്കിതു കണ്ടുനിൽക്കാൻ കഴിഞ്ഞില്ല. എനിക്കു് മോഹാലസ്യം വന്നു. എനിക്കു ബോധം വന്നപ്പോൾ, ആ വീട്ടിൽ ശ്മശാനനിശ്ശബ്ദത വ്യാപരിച്ചതായിക്കണ്ടു.

അവർ നമ്മെ വഞ്ചിച്ചില്ല. ജർമ്മൻകാർ അവരെ കൊന്നു. അതവരുടെ അവസാനത്തെ വധമായിരുന്നു. പിറേറന്നാൾ നമ്മുടെ ഭടന്മാർ ആ ഗ്രാമം മടക്കിപ്പിടിച്ചു. എന്റെ ഭടന്മാർ എന്നെ റെജിമെന്റിലേക്കുതന്നെ കൊണ്ടുപോയി.

അവരെ കൊന്ന ആ പാതകിയെ എനിക്കു നിശ്ചയമില്ല. പക്ഷെ എല്ലാ ജർമ്മൻകാരും ആ കുററത്തിന്നു ഉത്തരവാദികളാണു്."

## അമ്മയുടെ പ്രാർത്ഥന

(പി. കെ. കുഞ്ഞിരാമൻ പണിക്കർ)

താരും തളിരുമിട്ടിന്നുമൽ ജീവിതം-
വാരുററ സൌഖ്യത്തിൻ കേളീരംഗം!
ഘോരദാരിദ്ര്യത്തിൻ പാഴ്ക്കുണ്ടിൽനിന്നു ഞാൻ
മോചിതയായി, മുദിതയായി,
ആശ്വാസചിന്തക, ളാനന്ദകന്ദളം-
നിശ്വസിച്ചെങ്ങും തിരയടിപ്പൂ.
വിശ്വസിച്ചീടുവാൻ പോലുമസാദ്ധ്യമീ-
വിശ്വത്തിൻ വിസ്മയ വിക്രിയകൾ.
ഓർക്കുന്നു ഞാനിന്നു മോമൽക്കുമാരന്റെ
വേർത്താരാ കൊച്ചു മുഖാംബുജത്തെ
'വേലയില്ലാതെയലഞ്ഞിടും തെണ്ടി നീ'
മാലോകരന്നു പരിഹസിയ്ക്കെ,
ഏകാന്തനായിരുന്നവൻ കണ്ണുനീർ-
ത്തുകിടും രംഗം ഞാൻ കാൺമിതിന്നും.
ആദർശശാലിയാമെൻ കുട്ടനിന്നാർക്കു-
മാരാദ്ധ്യൻ, സ്നേഹിതൻ സ്നേഹമൂർത്തി-
തെല്ലിടകൊണ്ടെണ്ണത്തുള്ളൊരീമാററത്തി-
ലില്ലവ നിത്തിരിപോലും ഗർവ്വം-
നിൻ കീർത്തിയോടൊപ്പം പൊങ്ങിപ്പറന്നാലും,
എന്മണിക്കുഞ്ഞേ, നീ വ്യോമഭാഗേ,
നിഷ്ഠുരജാപ്പാന്റെ യക്രമനിഷ്ഠകൾ,
ക്രുദ്ധനായ് ബോമ്പിട്ടെരിച്ചു കൊള്ളൂ,
പ്രാർത്ഥിച്ചിരിരുന്നിടാ മീയമ്മനിങ്ങൾക്കു-
നിത്യം, വിജയങ്ങൾ കൈവരുവാൻ.

## വിജയപതാക

(കെ. സി. കെ. പണിക്കർ)

വാനിലുയർന്നാലും വാരൊളി വീശിനീ-
വാനിലുയർന്നാലും പൊൽപ്പതാകേ!
തൂമഴവില്ലുപോൽ ലാലസിച്ചാലും നീ-
ത്തൂമയിലാകാശ സീമയിങ്കൽ.
ശാന്തിതൻ നവ്യപ്രഭാതത്തിൻ രേഖപോൽ
പൊന്തട്ടെ നിന്മജ്ജുകന്ദളങ്ങൾ.
എത്രയോ കാലമായ് യുദ്ധംതുടർന്നിട്ടു-
മിദ്ധരതന്നിലെ മർത്ത്യരെല്ലാം.
വീർപ്പും വിയർപ്പും വിഷാദവും, രക്തവും,
വീഴ്ത്തിനനച്ച വിജയവല്ലി,
പൂത്തുവിടർന്നരാം പൂപോലെ സൌരഭം-
വായ്ച്ചെങ്ങുമെങ്ങും നീയുല്ലസിക്കൂ!
വാനിലുയർന്നാലും വാരൊളി വീശിനീ-
വാടാതെ യോമൽ ജയപതാകേ!
ആയിരമായിരം വീരർതൻ രക്തത്തി-
ലാറാടിയെത്തിടും കീർത്തിചിഹ്നം
ആഞ്ഞുപറക്കട്ടേയാകാശദേശത്തിൽ-
മജ്ജുതമാർന്നതി മേഘം പോലെ!
നാളെത്തെലോകത്തിൻ നാന്ദികുറിക്കുവാൻ-
നീളെവേ നീണ്ടെഴ മിണ്ടലാററാൻ,
വാനിലുയർന്നാലും വാരൊളി വീശിനീ-
വാടാത്തകീർത്തിതൻ മുദ്രപോലെ!

ഈ കഥ കേട്ടപ്പോൾ ഞങ്ങൾ ആവേശഭരിതരായി. ഒരു സാധാരണ റഷ്യൻ സ്ത്രീയുടെ ഹൃദയവിശാലതയും നെഞ്ഞുറപ്പും! എത്രയെത്ര അമ്മമാർക്കാണു് ജർമ്മൻകാരുടെ ആക്രമണംമൂലം ജീവത്യാഗം ചെയ്യേണ്ടിവന്നിട്ടുള്ളതു് ? അവർക്കും അവരുടെ രാജ്യത്തിന്നുംവേണ്ടി അവരെന്തൊക്കെ ചെയ്യു ? ഞങ്ങളെല്ലാം ഒരേസമയത്തു പറഞ്ഞു "ഞങ്ങളുടെ പ്രിയ അമ്മമാരെ, നിങ്ങളുടെ കാരുണ്യത്തിന്നും കരളുറപ്പിന്നും ഞങ്ങൾ പ്രതിഫലം തരും."

പ്രഹസനം

# സുമാലിനി

(കെ. പി. സതീനാഥ്, പൈത്തിരി)

രംഗം 1

[സ്ഥലം—നാഗമലയുടെ താഴ്വാരയിൽ ഒരു ജാപ്പ് പാളയം, ജാപ്പ് കമാണ്ടർ ആസനസ്ഥനായി ഇരിക്കുന്നു. രണ്ടു ജാപ്പുപടയാളികൾ പാറാവുനിന്നുകൊണ്ട് (തിരശ്ശീല ഉയരുന്നു)]

കമാണ്ടർ: ഹേ! പടയാളികളെ! നമ്മുടെ ഭടന്മാരും ഓഫീസർമാരുമടങ്ങിയ ഒരു സംഘം, നമ്മുടെ ശത്രുക്കളായ സഖ്യസേനയുടെ പദ്ധതികളൊക്കെ അറിയുവാൻ പോയവർ ഇനിയും തിരികെ വന്നുകാണുന്നില്ലല്ലൊ.

ഭടൻ: സേർ, അതിന്റെ വാസ്തവവിവരങ്ങൾ ഒന്നും അറിയുന്നില്ല. എന്തൊ അവർക്ക് ഒരു അത്യാപത്തു പററിയതായി കണക്കാക്കണം. (സൂക്ഷിച്ചുനോക്കിയിട്ടു) അതാ ദൂരക്കാണുന്ന മലമുകളിൽക്കൂടി രണ്ടുപേർ ഓടിവരുന്നതായി കാണുന്നു. നമ്മുടെ പക്ഷക്കാർതന്നെയായിരിക്കാം. ഒരു ഭാഗത്തുകൂടി തളർന്നു വിവശരായ ജാപ്പു ഭടന്മാർ പ്രവേശിക്കുന്നു—ഒരു ആഫീസറും ഭടനുമാണ്.

കമാ: ഹും—എന്തെ ഇത്രക്കും പരവശരായിരിന്നതു്? നമ്മുടെ ആൾക്കാരൊക്കെ എവിടെ? ശത്രുക്കളുടെ സ്ഥിതിഗതികളൊക്കെ മനസ്സിലാക്കാൻ സാധിച്ചോ?

ഭടൻ: നമ്മുടെ ആൾക്കാരുടെ വിവരങ്ങൾ ഒന്നും അറിയുവാൻ സാധിച്ചിട്ടില്ല. ഞാനും ഭടന്മാരുംകൂടി മണിപ്പൂരി മലയുടെ ഒരു ഭാഗത്തുകൂടി സഖ്യസേനയുടെ കേമ്പിന്റെ അടുക്കലേക്കു ലക്ഷ്യംവെച്ചു പോകുകയായിരുന്നു. മലയുടെ താഴ്വരയിൽ ക്യാമ്പിന്റെ അടുത്തുള്ള കാട്ടിൽ പതിയിരുന്നിരുന്ന ഇന്ത്യക്കാരായ സഖ്യഭടർ ഞങ്ങളെ പെട്ടെന്നെതിർക്കുകയും ഞങ്ങളിൽ പകുതി പേർ മരിക്കുകയും കുറെ പേരെ തടവുകാരാക്കുകയും ചെയ്തു. ഒടുവിൽ രക്ഷകിട്ടുകില്ലെന്നു കണ്ടതായ ഞാൻ ഈ ഭടനോടുകൂടി ഓടി രക്ഷപ്പെടുകയാണു ചെയ്തതു.

കമാണ്ടർ: അല്ലയൊ വീരഭടരേ! നാം എന്താണ് ചെയ്യേണ്ടതു്? നമ്മുടെ ശത്രുക്കളുടെ സീമാതീതമായ സമരപാടവത്തെ എത്ര പുകഴ്ത്തിയാലും മതിയാവാത്തത്ര ശ്ലാഘനീയമായിത്തീർന്നിരിക്കുന്നു. ബർമ്മാ, സിങ്കപ്പൂർ, മുതലായ സഖ്യരാജ്യങ്ങൾ നാം രണ്ടുവർഷങ്ങൾക്കു മുമ്പു എത്ര പെട്ടെന്നാണ് കയ്യിലാക്കിയതു്. അന്നു ഇവർക്കു ഇത്ര ഒന്നും കെല്പും ശക്തിയും നാം കണ്ടില്ല. എന്നാൽ ഇന്നാവട്ടെ ഇന്ത്യക്കാരും ബ്രിട്ടീഷുകാരുമായ ഭടരുടെ ധൈര്യവും മിടുക്കും എത്രയെന്നു പറയുവാൻ സാധിക്കുന്നതല്ല. അവർക്കു ഇന്നു ആയുധങ്ങളും ആളും വേണ്ടത്ര ഉണ്ട്. കരയിലും കടലിലും ആകാശത്തിലും അവർ മെച്ചം നേടിയിരിക്കുന്നു. അവരെ ഇനി തോല്പിക്കുക എന്നതു അത്ര എളുപ്പമായ ഒരു കാര്യമൊന്നുമല്ല. നമ്മുടെ ഹൈക്കമാണ്ടു ജാപ്പ് കേന്ദ്രത്തിലിരിക്കുന്നു. അവർ ഒന്നും അറിയുന്നില്ലല്ലൊ. മരണവക്ത്രത്തിലേക്കു പോകുന്നതു നമ്മുടെ ഭടരല്ലെ. നാം എന്തുചെയ്യും. ഏതായാലും വരുന്നതു വരട്ടെ. ഈശ്വരേച്ഛ ഇങ്ങിനെ ആയിരിക്കാം.

(തിരശ്ശീല വീഴുന്നു)

രംഗം 2

(സ്ഥലം—സഖ്യസെനയുടെ കേമ്പ്, ഒരു രജപുത്ര ജമേദാർ ചിന്താമഗ്നനായിരിക്കുന്നു)

(തിരശ്ശീല ഉയരുന്നു)

(മന്ദഹാസം തൂകിക്കൊണ്ട് സുന്ദരിയും സുശീലയുമായ ഒരു തരുണി ആ മുറിയിലേക്കു കയറിവന്നു)—ഹലൊ! മിസ്റ്റർ; രവീ! (രവി ഒന്നു ഞെട്ടി തിരിഞ്ഞുനോക്കുന്നു.)

രവി: ഇതാർ? സുമയൊ?

സുമ: അതേ, സുമതന്നെ—അതേ അങ്ങയുടെ പ്രേമദീപമായ സുമാലിനി.

രവി: സുമേ! ഭവതി എന്താണ് ഈ ജീവിതം ആരംഭിച്ചതു്.

സുമ: അങ്ങു പട്ടാളത്തിൽ എന്നു ചേർന്നുവോ അന്നുമുതൽ ഈയുള്ളവളുടെ ഹൃദയത്തിൽ എന്തെന്നില്ലാത്ത വ്യഥ ഇടിവെട്ടിക്കൊണ്ടിരുന്നു. എനിക്കും അങ്ങയുടെ ഒന്നിച്ചു സൈനികജീവിതം നയിക്കുവാൻ വല്ല മാർഗ്ഗവും ലഭിക്കുമോ എന്നു ആശാഞ്ഞുകൊണ്ടിരുന്നു. എങ്കിലും ഞാൻ നിരാശയായില്ല. ഒടുവിൽ ഡബ്ല്യു.എ.സി.യിൽ സ്ത്രീകളെ ആവശ്യമുണ്ടെന്നു ഒരു പരസ്യം കണ്ടു. ഞാൻ അതിനായി ശ്രമിച്ചു. എന്റെ പരിശ്രമം വിഫലമായില്ല. എന്നെ അതിൽ ഒരംഗമായി നിശ്ചയിച്ചു. എന്റെ ട്രെയിനിങ്ങ് കഴിഞ്ഞു. അതിന്റെശേഷം ഞങ്ങളെ പല സ്ഥലത്തേക്കും കയററി അയച്ചു. എന്റെ ഭാഗ്യാതിരേകത്താൽ എനിക്കു ഇവിടെ ഈ കമ്പനിയിലാണു കിട്ടിയതു. ഭാഗ്യാതിരേകമെന്നെ പറയേണ്ടു ഇവിടെ വന്നതുമുതൽ ഞാൻ പല സ്ഥലത്തും രവിയെ അന്വേഷിച്ചു. പക്ഷെ എന്റെ ഹൃദയാഗ്നിക്കു ശമനം കണ്ടില്ല. എന്റെ രവി ഫീൽഡിലാണെന്നും ദുഷ്ടരായ ജപ്പാൻകാരെ നശിപ്പിക്കുന്നതിൽ ഉൽസുകരായിരിക്കയാണെന്നുമറിഞ്ഞു അതിൽ അല്പം സമാധാനമായി അങ്ങിനെ ഇരിക്കെ എന്നെ ഈ കേമ്പിലേക്കു മാററി. ഇപ്പഴാണ് ഞാൻ കൃതാർത്ഥയായതു്. ഇന്നാണ് എന്റെ ജന്മസാഫല്യം.

രവി: ഓമനേ, സുമേ! ദുരന്തവും ദുസ്സഹവുമായ ഈ കൊടുങ്കാട്ടിൽകിടന്നു നരകയാതന അനുഭവിക്കുവാൻ ഭവതി കാംക്ഷിച്ചതു് ഉചിതമല്ലെന്നാണ് എനിക്കു തോന്നുന്നതു്. പ്രിയേ, സുമാലിനി! ക്രൂരന്മാരായ ജപ്പാൻകാരുടെ കയ്യിൽ അകപ്പെട്ടുപോയാൽ ഭവതി അനുഭവിക്കേണ്ടുന്ന കഠോരശിക്ഷകളെ ഓർക്കുമ്പോൾ ഞാൻ നടുങ്ങുന്നു. ഹാ! സുമേ, പുഷ്പസമാനമായ ഭവതിയുടെ ഓമൽപ്പൂമേനി—ദുഷ്ടജാപ്പുകാരുടെ കയ്യിൽപ്പെടുകയെന്നതു രജപുത്രവംശത്തിന്നു ഒരു കളങ്കമല്ലയോ?

സുമാലി: നോക്കു, വീരന്മാരായ രജപുത്രവംശജാതനായ അങ്ങ് ഇത്തരം ഭീരുവായതിന്റെ സംഗതി എന്തെന്ന് എനിക്കറിയാൻ പാടില്ല. കഷ്ടം, രവീ, അങ്ങു ഒരു രജപുത്രയോദ്ധാവല്ലയോ? ഞാൻ—അതേ—രവിയുടെ കാമുകിയായ ഞാൻ, ഒരു രജപുത്രവംശത്തിൽ ജനിച്ചവളല്ലേ. ധീരശൂരകളായ എത്ര വീരരമണികളുടെ ജന്മഭൂവാണ് നമ്മുടേ രാജ്യം—അതു വീരരമണികളുടെ പാവനനാമങ്ങൾ ഇന്നും ഭാരതമെങ്ങും കെടാവിളക്കായി ഉജ്ജ്വലിക്കുന്നില്ലെ. മീവാറിലെ പത്മിനി, ശൂരയായ റാണി അഹല്യാബായി, റാണി സംയുക്താദേവി എന്നിങ്ങനെ എത്ര ധീരരമണികൾ നമ്മുടെ വംശത്തെ അലങ്കരിച്ച വീരകളായിരുന്നു. ഇത്തരം വീരതയുള്ള വംശത്തിൽ ജാതയായ ഞാനും ഒരു രജപുത്രതരുണിയല്ലെന്നാണൊ രവി പറയുന്നതു്. രജപുത്രവനിതാമണികൾക്കു ചാരിത്ര്യം രക്ഷിപ്പാനുള്ള വഴി എന്തെന്നു രവി അറിയുന്നില്ലെ. പിന്നെ സഖ്യസൈന്യത്തിലെ ഒരു ഭടനായി ചേർന്ന രവി കേവലം ബലഹീനന്മാരായ ജാപ്പു കുരങ്ങന്മാരെ ഭയപ്പെടുന്നതിന്റെ കാരണമെന്തു്? അവർക്കു യുദ്ധം ചെയ്വാൻ ആളില്ലാത്തതിനാൽ കുരങ്ങന്മാരെയാണ് ഉപയോഗിക്കുന്നതെന്നു ഈയിടെ നമ്മുടെ കേന്ദ്രത്തിൽ വിശ്വാസയോഗ്യമായ വിവരങ്ങൾ വന്നുകൊണ്ടിരിക്കുന്നതു രവി അറിയുന്നില്ലെന്നുണ്ടോ?

രവി: സുമേ, ഭവതി പറഞ്ഞതൊക്കെയും വാസ്തവംതന്നെ—എങ്കിലും എന്റെ പ്രാണപ്രിയയുടെ ആ പനനീർസുമസദൃശമായ മൃദുമേനിയെ ഓർത്തിട്ടു പറഞ്ഞുവെന്നേയുള്ളു. അതേ—ആ പാവനപ്രണയത്തെ ഓർത്തു. . . .

സുമ: ജീവനാഥാ! അതിനെപ്പററി ചിന്തിക്കുവാനുള്ള അവസരമിതല്ലല്ലൊ. ഇന്നു നാം എന്തിന്നായി ജീവിക്കുന്നു. നമ്മുടെ ഭാരതാംബയുടെ പാരതന്ത്ര്യത്തെ പോക്കി സ്വാതന്ത്ര്യവും സമാധാനവും സ്ഥാപിക്കുവനല്ലയൊ നാം ഇന്നു സഖ്യസൈന്യത്തിൽ ചേർന്നതും—യുദ്ധം ചെയ്യുന്നതും? അതിനാൽ ആവക തുച്ഛചിന്തകളെ മനസ്സിൽനിന്നകററി കള്ളരായ ജാപ്പുകാരെ നാമാവശേഷമാക്കുന്നതുവരെ പട പൊരുതുക—അതിന്നായി നിങ്ങളും നിങ്ങളുടെ കൂട്ടുകാരും മുന്നോട്ടു പോവുക, മുന്നോട്ടു വെയ്ക്കുന്ന ഓരോ കാലടിയും വിജയം—വിജയം—എന്നു ശബ്ദിച്ചു കൊണ്ടു പോവുക.

രവി: ഓമനേ! ഭവതിയുടെ ഈ ഉപദേശം അക്ഷരംപ്രതി നിറവേററാൻ ഞാനു സദാ സന്നദ്ധനാണ്. ഭവതി എന്റെ ഹൃദയഭിത്തിയിൽ ഏതൊ മറഞ്ഞതായ പൌരുഷത്തെ തട്ടി ഉണർത്തി—ഞാൻ ഇന്നു മുതൽ ഒരു ധീരയോദ്ധാവായിത്തീർന്നിരിക്കുന്നു. (ജമേദാർ ഇരുന്ന ദിക്കിൽനിന്നു ഒന്നു ചാടി—ബൂട്ട്സ്.കൊണ്ടു നിലത്തു ബലത്തിൽ ചവിട്ടുന്നു) ഹേ! ദുഷ്ടരായ ജാപ്പു രാക്ഷസരേ! നിങ്ങളെ വംശത്തോടെ മുടിച്ചല്ലാതെ രവി അടങ്ങുകയില്ല. സത്യം—സത്യം—സത്യം—(സുമാലിനി രവിയെ ഗാഢമായി ആലിംഗനം ചെയ്യുന്നു. രവി സുമയുടെ പുഷ്പസമമായ വദനത്തിൽ ചുംബിക്കുന്നു.)

സുമാ: നാമിനി എന്തിനാണു ജീവിതം വൃഥാവിലാക്കുന്നതു്.

രവി: എന്താണ്? ഭവതിയുടെ ആ സൂചന എനിക്കറിയാൻ സാധിച്ചില്ല. സുമേ! ഭവതി ആ വാക്കിനെ വ്യക്തമായി പറയൂ.

സുമ: രണ്ടുവർഷങ്ങൾക്കു മുമ്പു നാം തമ്മിൽ നമ്മുടെ പൂന്തോട്ടത്തിൽ വെച്ചു നടന്നതായ സഖ്യത്തെ ഓർക്കുന്നുണ്ടോ?

രവി: എന്തോ, എനിക്കതു ഓർമ്മയിൽ വരുന്നില്ല.

സുമാ: കഷ്ടം; കഷ്ടം; ഒരു രജപുത്രവംശജനായ ഭവാൻ ചെയ്തതായ ഒരു സത്യം—അതെ—സഖ്യസൈന്യത്തിലെ ഒരു ഭടൻ ചെയ്ത സത്യം—ഇത്ര പെട്ടെന്നു മറക്കുകയെന്നതു—എത്ര ലജ്ജാവഹം! ഇതല്ലെ രവി! പുരുഷന്മാരുടെ ബുദ്ധിചാപല്യം.

രവി: (കുറച്ചുനേരം മൌനമവലംബിച്ചു)—പെട്ടെന്നു ഓർമ്മ വന്നപോലെ നടിച്ചു—സുമെ നാം ഇപ്പഴ് എവിടെയാണെന്നു ഓർക്കണം. ഈ ജീവിതത്തിലിരിക്കുന്ന എന്നെ സുമ ഭർത്താവായി വരിക്കേണമെന്നു ആവശ്യപ്പെടുന്നതു ഉചിതമാണോ? അതു സുമതന്നെ ഒന്നു ഓർത്തുനോക്കുക.

സുമ: രവി പറഞ്ഞതു വാസ്തവം തന്നെയെന്നിരിക്കിലും—ഞാൻ കാംക്ഷിക്കുന്നതു ഒരു ഭടന്റെ പത്നീപദം സ്വീകരിക്കുവാനാണ്.

രവി: സുമാലിനി ഒരു ഭടന്റെ ഭാര്യയായാൽ അവനിൽനിന്നു എന്തൊരു സുഖമാണു കാംക്ഷിക്കുന്നതു്?

സുമ: ഞാൻ കാംക്ഷിക്കുന്ന സുഖം ഐഹിക സുഖമല്ല. രവിയുടെ ഭാര്യാപദം ഞാൻ സ്വീകരിച്ചുകഴിഞ്ഞുവെന്നുതന്നെ പറയാം. എന്റെ ആത്മപ്രിയനായ രവി ശത്രുക്കളുമായ പോരാട്ടത്തിൽ മരിച്ചുവെന്നുവരികിൽ തന്നെ എനിക്കു എന്തൊരാനന്ദമായിരിക്കാം—പടയിൽ മരിച്ച ഒരു വീരയോദ്ധാവിന്റെ ഭാര്യ എന്നു എനിക്കഭിമാനം കൊള്ളാം.

രവി: സുമേ! ഭവതിയുടെ അഭീഷ്ടം സാധിപ്പിക്കുവാൻ ഈ ഉള്ളവൻ സദാസന്നദ്ധനാണ്. നമുക്കു അതു ആലോചിക്കാം. ആഫീസർ വരാൻ സമയമായി—നമുക്കു പിന്നെ കാണാം.

സുമ: എന്നാൽ അങ്ങിനെയാവട്ടെ ഞാൻ പോകുന്നു—ഗുഡ്മോർണിങ്ങ്.

രവി: ഗുഡ്മോർണിങ്ങ് (സുമ ഇറങ്ങിപോകുന്നു.)

(തിരശ്ശീല വീഴുന്നു.)

## രംഗം 3

സ്ഥലം : കാഞ്ചിയിലെ ഒരു ജാപ്പ്പാളയം—ഭയവിഹ്വലനായ കമാണ്ടർ വരാന്തയിൽ ഉലാത്തിക്കൊണ്ടിരിക്കുന്നു. (തിരശ്ശീല ഉയരുന്നു.)

കമാണ്ടർ : (സ്വഗതം) നാം എന്താണു ചെയ്യേണ്ടതു—നമ്മുടെ സൈന്യങ്ങൾ ഏതു സ്ഥലത്തു സഖ്യസൈന്യങ്ങളായി ഏറ്റുമുട്ടുന്നുവൊ അവിടെ ഒക്കെയും ധീരന്മാരായ സഖ്യഭടർ അക്ഷമരായി കാത്തുനില്ക്കുന്നു. അവിടെ വെച്ചു നമ്മുടെ ഭടന്മാർ അസ്തപ്രാണരായി തിരിഞ്ഞോടുകയാണ്. ജാപ്പാൻകാരായ നമ്മുടെ സാമ്രാജ്യമോഹമാകുന്ന വഞ്ചി സഖ്യസൈന്യമാകുന്ന കരിമ്പാറയോടു ചെന്നടിച്ചു ഇതാ പരാജയ സമുദ്രത്തിലേക്കാഴുന്നു. ചൈനയോടു യുദ്ധംചെയ്തു ക്ഷീണിച്ചവശരാകുന്ന പട ഒരു ഭാഗത്തു്. ഇന്ത്യക്കാരും അമേരിക്കരും ബ്രിട്ടീഷുകാരും അടങ്ങിയ ഒരു വമ്പിച്ച കൊടുങ്കാററുകൊണ്ടു നമ്മുടെ സൈന്യം ഉണക്കില പാറുംപ്രകാരം അകലുന്ന ആ കാഴ്ച മറെറാരു ഭാഗത്തു്. അവരുടെ ശക്തി സീമാതീതം തന്നെ—കാരിരുമ്പെക്കാൾ കട്ടപ്പമേറിയതാണ് അവരുടെ മനോദൃഢതയും കായബലവും—(കമാണ്ടർ കൈകൾ തിരുമ്പുന്നു)—മറെറാരു ഭാഗത്തു യുദ്ധം ഭയങ്കരമായി നടക്കുന്നു. സഖ്യശക്തികളുടെ തല്ലേററു അനവധി ജാപ്പുകാർ യമപുരിയിൽ ചിത്രഗുപ്തൻെറ പട്ടികയിൽ ചേരുന്നു. ജമേദാർ രവിയും കൂട്ടുകാരും ധീരധീരമായിപ്പോരാടുന്നു. അവസാനം ശത്രുമദ്ധ്യത്തിൽ കയറി തൻെറ മിഷ്യൻഗൺകൊണ്ടു സധീരം ജാപ്പുകുരങ്ങരെ കൊന്നൊടുക്കിയ ഭാരതാംബയുടെ സീമന്ത പുത്രൻ—അതെ—സുമയുടെ കാമുകൻ ജാപ്പുകാരുടെ കയ്യിൽപ്പെടുന്നു.) (തിരശ്ശീല വീഴുന്നു.)

## രംഗം 4

(ജാപ്പു പട്ടാളത്തിൽ ഒരു കസേരയിൽ കമാണ്ടർ ഇരിക്കുന്നു.) രണ്ടു ജാപ്പുപട്ടാളക്കാർ വിലങ്ങോടു കൂടി ഒരു ഇന്ത്യൻ ഭടനെയും കൊണ്ടു വരുന്നു. ശാന്തഗംഭീരമായ മുഖം—വിശാലമായ വക്ഷസ്ഥലം—ഉന്നതമായ ദേഹം—കയ്യിൽ വിലങ്ങു വെച്ചിരിക്കുന്നുവെങ്കിലും മുഖത്തു ഗൌരവവും നയനങ്ങളിൽ കോപാഗ്നിയും പ്രകാശിച്ചുകാണുന്നു.)

കമാണ്ടർ : അഹാ! ഇവനാരാണ്? ഇവനെ എവിടുന്നു കിട്ടി?

ഒരു ഭടൻ : സർ, ഇവനെ നാഗാകുന്നുകളുടെ പാൎശ്വത്തിൽവെച്ചു നടന്ന ഭയങ്കരവും ഭയാനകവുമായ പോരാട്ടത്തിൽവെച്ചു ബന്ധനസ്ഥനാക്കപ്പെട്ടതാണ്. ഇവൻ തന്നെയാണു നമ്മുടെ പക്ഷക്കാരിൽ നാല്പതുപേരേ കൊന്നൊടുക്കിയ വീരൻ.

കമാണ്ടർ : ഹേ! ഇന്ത്യൻ പടയാളി! തൻെറ കമ്പനി ഏതാണ്? താൻ അവിടെ എന്തു ഉദ്യോഗമാണ് നോക്കുന്നതു്? ആ കമ്പനിയിൽ ആകെ എത്ര പേരുണ്ടു്? നിങ്ങളുടെ പ്ലേനുകളൊക്കെ എന്താണു പറയൂ!

ഇന്ത്യൻഭടൻ : ഹേ! മൂർഖന്മാരേ! നിങ്ങൾക്കു ഇതൊക്കെ അറിഞ്ഞിട്ടു എന്തു കാൎയ്യം? ഈ വക ചോദ്യം ചോദിപ്പാൻ താനാരാണ്?

കമാണ്ടർ : (ഒരു ഹാസ്യ ചിരിയോടെ) ഹാ! നമ്മെ ഇനിയും ഇവനു മനസ്സിലായിട്ടില്ല പോലും. എന്തൊരാശ്ചൎയ്യം! എടൊ താൻ ഇന്നെവിടെയാണെന്നും ആരുടെ മുമ്പിലാണു നില്ക്കുന്നതെന്നും ഒന്നോൎക്കണം. ഇതു ജാപ്പുപാളയമാണ്. ഈ സൈന്യത്തിൻെറ കമാണ്ടരാണ് ഞാൻ, മനസ്സിലായൊ. എൻെറ സൈന്യത്തിലെ നാല്പതുപേരെ കൊന്നതിൻെറ പ്രതികാരത്തിന്നാണ് നിന്നെ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്.

ഇന്ത്യൻ ഭടൻ : എടാ! രാക്ഷസാ! ഞാൻ ആരാണെന്നാണ് നിൻെറ വിചാരം. ഞാൻ സഖ്യസൈന്യത്തിലെ ഒരു ജമേദാരാണ്. എത്രയൊ ധീരശൂരരായ രജപുത്രവംശത്തിൽ ജനിച്ച ഒരു ധീരയോദ്ധാവ്. എൻെറ ഹൃദയത്തിൽ രജപുത്രരക്തമാണ്. നിന്നെപോലുള്ള കുരങ്ങന്മാരുടെ സിരകളല്ല എന്നിലുള്ളതു്, മനസ്സിലായോ? നിങ്ങളുടെ വംശത്തെ നശിപ്പിക്കുവാൻ എന്നെ പോലുള്ള എത്രയൊ ലക്ഷം ഇന്ത്യൻ യോദ്ധാക്കൾ ഇന്നു സഖ്യസൈന്യത്തിലുണ്ടു്. അവർ ഇന്ത്യയുടെ നാനാഭാഗത്തും അക്ഷമരായി കാത്തുനില്ക്കുകയാണ്. നിങ്ങളും നിങ്ങളുടെ സാമ്രാജ്യമോഹവും ഇതോടെ അവസാനിക്കണം. നിങ്ങളെ ഇനി ജീവനനോടെ ഭാരതാംബയുടെ വീരസന്താനങ്ങൾ ജീവിക്കുവാൻ അനുവദിക്കുന്നതല്ല. കരുതിക്കൊള്ളൂ. എന്നെ തുണ്ടംതുണ്ടമായി മുറിച്ചുകളഞ്ഞാലും ഞങ്ങളുടെ പ്ലേൻ കിട്ടുമെന്നു കരുതേണ്ട. ഞാനൊരു ഇന്ത്യൻ യോദ്ധാവല്ലൊ?

കമാണ്ടർ : ശാന്തസ്വരത്തിൽ—ഹെ! സഹോദരാ! നിങ്ങളുടെ യഥാൎത്ഥസ്ഥിതികൾ പറയുന്നപക്ഷം നാം നിങ്ങളെ യാതൊരു വിധത്തിലും ഉപദ്രവിക്കുന്നതല്ല.

രവി : ഓഹോ; തൻെറ ഈ മയക്കുവലയിൽ കുടുങ്ങുവാൻ രവി അത്രയ്ക്കും ഭോഷനൊ ഭീരുവൊ അല്ല. ഇന്ത്യക്കാർ അത്രയ്ക്കും ഭോഷരല്ലാ.

കമാണ്ടർ : ഹേ! പടയാളികളേ! ഇവനെ തടവിലിട്ടടയ്ക്കൂ. രണ്ടുദിവസം കഴിയട്ടെ—വേണ്ടതുപോലെ പ്രവൃത്തിക്കാം (രവിയെ ഭടന്മാർ തടവിലേക്കു കൊണ്ടുപോകുന്നു.) (തിരശ്ശീല വീഴുന്നു.)

## രംഗം 5

സ്ഥലം : കാഞ്ചിയിലെ പാളയത്തിന്നടുത്തു്. സമയം—രാത്രി. മുഖമൂടി ധരിച്ചു ഒരു തരുണി ഒരു വൃക്ഷച്ചുവട്ടിൽ ഇരിക്കുന്നു. (തിരശ്ശീല ഉയരുന്നു.)

തരുണി : ആത്മഗതം—ഞാനെന്താണ് ചെയ്യേണ്ടതു്. ഏതു നിലക്കാണു ജാപ്പു താവളത്തിൽ കടക്കുക. ക്രൂരരായ ജാപ്പു പട്ടാളക്കാർ കേമ്പിന്നു ചുററും റൊന്തു ചുററുന്നുണ്ടു്. എൻെറ ജീവനാഥനെ ഈ ദുഷ്ടർ എന്തു ചെയ്തുവെന്നറിഞ്ഞില്ല. ആ കാണുന്നതു ജെയിൽമുറിയാണെന്നനുമാനിക്കാം. അവിടെ അതാ രണ്ടു ജാപ്പു കുരങ്ങന്മാർ ജാഗ്രതയായി പാറാവുനില്ക്കുന്നു. എങ്ങിനെയാണ് ഞാൻ അകത്തു കടക്കുക? അതിന്നുള്ള മാൎഗ്ഗമെന്തു്? പണ്ടു മേവാഡിലെ പത്മിനി ചെയ്തപ്രകാരം ഞാനും പ്രവൃത്തിക്കാതെ പോവുന്നതു ശരിയോ? ഞാനും ആ വീരതരുണിയുടെ വംശത്തിൽ ജനിച്ചതായ ഒരു രജപുത്രവനിത—അതെ—ഭാരതമാതാവിൻെറ ഒരു വീരയായ പുത്രി (റിവോൾവർ കയ്യിലെടുത്തു) എൻെറ ജീവിതേശനു വല്ല ആപത്തും പററിയെന്നു വരികിൽ എൻെറ ഈ ആയുധത്താൽ ഒട്ടധികം രാക്ഷസരെ ഞാനും നശിപ്പിച്ചു അവസാനത്തെ ഒരു തിര—ഹാ! എൻെറ ജീവനാഥൻെറ പക്ഷസ്ഥലത്തിൽ ചേൎത്തണച്ചതായ എൻെറ മാൎവ്വിടത്തിലേക്കു ചിലവഴിക്കുന്നതാണ്. അതല്ല; എൻെറ പ്രാണേശനു ആപത്തു ഒന്നും പററാതിരിക്കുന്നപക്ഷം ഞാൻ ഏതുപ്രകാരത്തിലെങ്കിലും അദ്ദേഹത്തെ രക്ഷപ്പെടുത്തുന്നതാണ്. സംശയമില്ല. അതല്ലെ ഒരു യഥാൎത്ഥഭാരതവനിതയുടെ കൎത്തവ്യം. (അധികം ദൂരത്തല്ലാത്ത ഒരു സ്ഥലത്തുനിന്നു സഖ്യസൈന്യത്തിൻെറ പീരങ്കിയുടെ ഗൎജ്ജനം കേൾക്കുന്നു. തരുണി ഒന്നു ഞെട്ടി എഴുന്നില്ക്കുന്നു.) ഹാ! എൻെറ ഉദ്ദേശം സാധിക്കുവാൻ സമയമായിരിക്കുന്നു. പരമകാരുണികനായ ദൈവം അതിന്നു വഴികാട്ടിതരുന്നു. അതാ സഖ്യസേനകളുടെ ആ ഭയങ്കര ഗൎജ്ജനം കേൾക്കുന്നുണ്ടു. അധികം വിദൂരമല്ല. ഏതായാലും ക്യാമ്പിന്നടുത്തു ചെല്ലുകതന്നെ—എഴുന്നീററു പോകുന്നു. (തിരശ്ശീല വീഴുന്നു.)

(തുടരും)



ക്ലേവിന്നു വേണ്ടിയുള്ള സമരം



വീടുവീടാന്തരം യുദ്ധം ചെയ്തു ജൎമ്മൻകാരെ ഓടുക്കി ബ്രി: സേനകൾ ക്ലേവ് പിടിച്ചു.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.